പൂട്ടിയിട്ടില്ല. നേരെമറിച്ച് കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും ഒക്കെ ഒരേ കൂട്ടർ ഭരിക്കുമ്പോൾ മൂന്നുപ്രാവശ്യമായിട്ട് ഏഴ് ദിവസം ലജനാവ് പൂട്ടി. ഞാൻ ഈ ഗവൺമെന്റിന്റെ കാര്യമാണ് പറയുന്നത്, മൂന്നരക്കൊല്ലമായി ഇന്നേവരെ റിസർവ് ബാങ്ക് പേമെന്റ് സ്റ്റോപ്പ് ചെയ്യാൻ പറഞ്ഞിട്ട് ഇവിടെ ലജനാവ് പൂട്ടിയിട്ടില്ല. ഞാൻ തറപ്പിച്ചു പറയുന്നു, പൂട്ടാത്തതിന്റെ കുഴപ്പമാണ്. അതുകൊണ്ട് ഇതിനെക്കൊണ്ടുള്ള അപ്രഹെൻഷൻസ് എല്ലാവർക്കുമുണ്ട്. നിങ്ങൾ ബേജാറാകണ്ട. ഈ പ്രോജക്ട്സ്, റോഡ് സെക്ടർ-എല്ലാ പ്രോജക്ട്സും ഇവിടെയുണ്ട്. റോഡ് സെക്ടർ, 13 പ്രധാന റോഡുകളുണ്ട്. ഇൻലന്റ് നാവിഗേഷൻ, അതിൽ രണ്ടെണ്ണമുണ്ട്. പോർട്ടിലും മൂന്നെണ്ണമുണ്ട്. ഇറിഗേഷൻ സെക്ടർ ചമ്രവട്ടം, തൃത്താല, അട്ടപ്പാടി, വാമനപുരം അങ്ങനെയാണ്. വാട്ടർ സപ്ലൈ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, പവർ സെക്ടർ ഇതെല്ലാം ഡിഫറന്റ് പ്രോജക്ട്സ് തന്നെയാണ്. It is not in the air. അപ്പോൾ വളരെ കോൺക്രീറ്റായിട്ടുണ്ട്. അതുകൊണ്ട് വലിയ ഭീതിയൊന്നും വേണ്ട. നേരെചൊവ്വേ നമ്മുടെ സംസ്ഥാനത്തിന്റെ ഇൻവെസ്റ്റുമെന്റിനു വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് ഈ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാഘവൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : പ്രൊഫ. എ.വി. താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

(2) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ[†]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ്

[†] അനുബന്ധം-II (a, b).

LIBRARY ARCHIVES Kerala Legislative Assembly

ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ ഏകജാല ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ-ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി, അങ്ങ് ഇവിടെ ഉന്നയിച്ചിരിക്കുന്ന ഒബ്ജക്ഷൻ അവതരിപ്പിക്കണമോ? കാരണം അതിൽ പ്രഥമദൃഷ്ട്യാ ഒബ്ജക്ഷൻ ഇല്ല, അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. കെ.എം. മാണി : ഒരു വാക്ക് പറഞ്ഞാൽ അങ്ങേയ്ക്ക് ബോദ്ധ്യമാകുമല്ലോ.

മി. സ്പീക്കർ : ഞാൻ ഇതിനെ സംബന്ധിച്ചുള്ള കാര്യം പറയേണ്ടിവരും. അതാണ് പറഞ്ഞത്. അത് വേണോ, കാരണം വളരെ സ്പെസിഫിക്കായിട്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ മൂന്നാംഖണ്ഡികയിൽ പറയുന്നുണ്ട്. അതൊന്ന് വായിക്കൂ.

ശ്രീ. കെ.എം. മാണി : ഞാൻ വായിക്കാം. തെറ്റ് ഉണ്ടെങ്കിൽ അങ്ങ് പറഞ്ഞുതന്നാൽ മതി, ഞാൻ സ്വീകരിക്കാം. " വ്യവസായ ടൗൺഷിപ്പ് അതോറിറ്റികൾ ആവശ്യധിഷ്ഠിതം സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതേ തുടർന്ന് വ്യവസായ ടൗൺഷിപ്പിന്റെ വികസനം സാധ്യമാകുന്നു, ഇനിയത്തെ സെന്റൻസ് ആണ് ഏറ്റവും പ്രധാനം. ടൗൺഷിപ്പ് അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾക്കായി വിഭവ സമാഹരണം നടത്തുന്ന സ്വയം നിലനിൽപ്പുള്ള ഒരു സംരംഭമായി വിഭാവന ചെയ്തിട്ടുള്ളതാണ്." അതുകൊണ്ട് സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നേരിട്ടുള്ള യാതൊരു ചെലവും വരികയില്ല.

മി. സ്പീക്കർ : അതുതന്നെ.

ശ്രീ. കെ.എം. മാണി : എപ്പോഴാണ് സാർ? സ്റ്റാർട്ട് ചെയ്തുകഴിഞ്ഞാൽ അന്നുതൊട്ടാണ് സെൽഫ് സസ്റ്റെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ആകുന്നത്. ഇതൊന്ന് സ്റ്റാർട്ട് ചെയ്യണ്ടേ; ഇതിന് ഒരു ഓഫീസ് വേണ്ടേ; ഇതിന് കുറച്ച് സ്റ്റാഫ് വേണ്ടേ; ഇതിന് പ്രവർത്തനം വേണ്ടേ; അതുകൊണ്ട് സഞ്ചിതനിധിയിൽനിന്ന് ഒരു പൈസ പോലും ചെലവാകുകയില്ലായെന്നു പറഞ്ഞാൽ, ഇങ്ങനെയൊക്കെയാണ് ധനകാര്യ മെമ്മോറാണ്ടം എഴുതുന്നതെങ്കിൽ എനിക്ക് കുഴപ്പമില്ല, പക്ഷെ അങ്ങ് ഇത് വളരെ നിർബന്ധം പിടിക്കണം. ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ചടത്തോളം ഫാക്ച്വൽ ആയിട്ടുള്ള റിപ്പോർട്ടിംഗ് ആയിരിക്കണം. അതുകൊണ്ട് സെൽഫ് സസ്റ്റെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷനാണ്, പിന്നീട് ഞങ്ങൾ റിസോഴ്സ് ഉണ്ടാക്കിക്കൊള്ളാം, ഗവൺമെന്റിന് യാതൊരു ചെലവും വരില്ല എന്നു പറയുന്നത് ശരിയല്ല. അത് തിരുത്തണം.

മി. സ്പീക്കർ : ശരിയാണോ ഇല്ലയോ എന്നുള്ളതല്ല, നിയമത്തിൽ പറയുന്നതല്ലേ നമുക്ക് വിശ്വസിക്കാൻ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : അങ്ങനെയാണെങ്കിൽ ഇത് ധനകാര്യ മെമ്മോറാണ്ടത്തിൽ, നിയമത്തിൽ പറയുന്നത് വിശ്വസിക്കുക എന്നാണെങ്കിൽ പിന്നെ ഒബ്ജക്ഷൻ വേണ്ട എന്നുവയ്ക്കുകയാണെങ്കിൽ കുഴപ്പമില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമേ ഒരു വ്യവസായ നഗരപ്രദേശം ഉണ്ടാക്കാൻ സാധിക്കൂ. ഒരു വ്യവസായ പ്രദേശത്ത് നിലവിലുള്ള വ്യവസായ എസ്റ്റാബ്ലിഷ്മെന്റ് നൽകുന്നതോ നൽകുവാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സർവീസ് കണക്കിലെടുത്താണ് ഗവർണർ ഒരു വ്യവസായ പ്രദേശത്തെ വ്യവസായ ടൗൺഷിപ്പായി വിജ്ഞാപനം ചെയ്യുന്നത്. അങ്ങനെ ടൗൺഷിപ്പായി വിജ്ഞാപനം ചെയ്യുന്ന സ്ഥലത്ത് നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ടൗൺഷിപ്പ് അതോറിറ്റിയിൽ നിക്ഷിപ്തമാകും. ടൗൺഷിപ്പ് അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾക്കായി വിഭവസമാഹരണം നടത്തുന്ന സ്വയം നിലനിൽപ്പുള്ള ഒരു സംരംഭമായി വിഭാവന ചെയ്തിട്ടുള്ളത്. ആ അതോറിറ്റിക്ക് മുനിസിപ്പാലിറ്റികൾ ചുമത്തുന്നികുതികളും കരങ്ങളും ഫീസുകളും ചമത്താവുന്നതും ആ തുക അതിന്റെ ഭരണച്ചെലവിന് ഉപയോഗിക്കാവുന്നതുമാണ്. സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് ഈ അതോറിറ്റിക്ക് ഒരു തുകയും ചെലവിടാൻ ബില്ലിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. അതുകൊണ്ട് 207 (3) അനുച്ഛേദ പ്രകാരമുള്ള അനുമതി ഈ ബില്ലിന് ആവശ്യമില്ല.

ശ്രീ. എം.എ. തോമസ് : 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.1999 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ സ്റ്റേറ്റിനെ സാധാരണ വിശേഷിപ്പിക്കുന്നത് ഗോഡ്സ് ഓൺ കൺട്രി എന്നാണ്. അത് ഏറെക്കുറെ ശരിയായ ഒരു വിശേഷമാണ്. മനോഹരമായ പ്രകൃതിഭംഗിയുള്ള ഒരു സംസ്ഥാനം, ഏതാണ്ട് നല്ല തരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, അതുപോലെതന്നെ അഭ്യസ്തവിദ്യരായ അനേകം ആളുകൾ, സ്കിൽഡ് ആന്റ് അൺസ്കിൽഡ് തൊഴിലാളികൾ, എന്നാൽ കേരളം വ്യാവസായികമായി വളരെയേറെ വളരേണ്ടതായ ഒരു സംസ്ഥാനമാണ്. പക്ഷെ സ്ഥിതി അതല്ല. ഇന്ത്യയുടെ ഇൻഡസ്ട്രിയൽ മാപ്പ് നമ്മൾ പരിശോധിച്ച് കഴിഞ്ഞാൽ കേരളത്തിന്റെ വ്യാവസായിക പിക്ചർ ഉദ്ദേശിക്കുന്ന രീതിയിൽ വളർന്നിട്ടില്ല എന്നുള്ള കാര്യം മനസ്സിലാക്കാൻ സാധിക്കും. ഒരുപാട് വേദികളിൽ ചർച്ചചെയ്തിട്ടുള്ള ഒരു വിഷയമാണിത്. പ്രോസ്പെക്ടീവ് ആയിട്ടുള്ള എന്റർപ്രണേഴ്സ് ഇവിടെ ഇൻവെസ്റ്റു ചെയ്യാൻ മടിക്കുന്നു എന്നു കാണാൻ കഴിയും. പല കാരണങ്ങൾ അതിനെപ്പറ്റി പറഞ്ഞ്, ഓരോ തരത്തിലുള്ള വിശദീകരണങ്ങൾ കൊടുത്തിട്ടുണ്ട്. കുറേ നാളുകൾക്ക് മുമ്പ് ലേബർ മിലിറ്റൻസി ഉണ്ടായിരുന്നു. Labour is militant. അതുകൊണ്ട് Prospective entrepreneurs are reluctant to invest in this state- എന്നുള്ളതായിരിക്കുന്ന ഒരു തിയറി. പക്ഷെ ഇന്ന് ആ സ്ഥിതികളൊക്കെ മാറിയിരിക്കുകയാണ്. ലേബർ മിലിറ്റന്റ് അല്ല. അവർ കുറേക്കൂടി റീസണബിൾ ആയിട്ട് ചിന്തിച്ചതിന്റെ ഫലമായിട്ട് വളരെ condusive ആയിട്ടുള്ള അറ്റ്മോസ്ഫിയർ വ്യവസായ മേഖലയിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ട്. പക്ഷെ ഇവിടെ ഒരു കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നത്, ലേബർ മിലിറ്റന്റ് അല്ല എന്നുപറ

LIBRARY ARCHIVES Kerala Legislative Assembly

യുന്ന സമയത്ത് പുറത്തുനിന്ന് വരുന്നതായ നിക്ഷേപകരെ അലട്ടുന്ന ഒരു സംഗതി അട്ടിമറിയാണ്, വ്യവസായ മേഖലയിലുള്ള അട്ടിമറി, നമ്മൾ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നത് അൺഅറ്റാച്ച്ഡ് കാഷ്വൽ വർക്കേഴ്സ് ആയിട്ടുള്ള തൊഴിലാളികളാണ്. അതേസമയം ഈ അട്ടിമറിക്കാരെ ക്ഷേമ നിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. പല സ്ഥലത്തും അവർ ഇങ്ങനെ കൂട്ടംകൂട്ടമായിട്ട് നിൽക്കുകയും സാധനങ്ങളുമായിട്ട് ലോറികൾ വരുന്ന സമയത്ത് അതിൽ കയറുകയും സാധാരണ നിരക്കാത്ത നിലയിലുള്ള കൂലി ആവശ്യപ്പെടുകയും ചെയ്യുന്നതിന്റെ ഫലമായി വ്യവസായ മേഖലയിൽ പലപ്പോഴും സംഘർഷം അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും ഈ അട്ടിമറി തൊഴിലാളികളെക്കൂടി ചുമട്ടുതൊഴിലാളി ക്ഷേമനിധിയി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കും എന്നുണ്ടെങ്കിൽ, വ്യവ സായം ഇവിടെ വരും. ഇപ്പോൾ പല വ്യവസായികളും പറയുന്നത് കൂലി എത്രയാണെങ്കിലും കൊടുക്കാൻ തയ്യാറാണ്. പക്ഷെ ഒരു കൂട്ടം ആളുകൾ വന്നിട്ട് പതിനായിരവും പന്തീരായിരവും ചോദിക്കുന്ന സമയത്ത് അത് ഉണ്ടാ ക്കുന്ന സംഘർഷഭരിതമായ അന്തരീക്ഷം, അത് ഉണ്ടാക്കുന്ന മെന്റൽ ആഗണി. അതുകൊണ്ട് വാസ്തവത്തിൽ ഉള്ള അന്തരീക്ഷം കളഞ്ഞുകുളിക്കു കയാണ്. അവർ പറയുന്നത് ഇവരെ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയ തിനുശേഷം ഒരു റേറ്റ് നിശ്ചയിക്കണമെന്നാണ്. ആ റേറ്റ് കൊടുക്കാൻ അവർ തയ്യാറാണ്. കാരണം ഒരു വ്യവസായിയും അവന്റെ പോക്കറ്റിൽനിന്നെടുത്ത് കൊടുക്കാറില്ല. അൽട്ടിമേറ്റ് ആയിട്ട് അത് ചെല്ലുന്നത് കൺസ്യൂമറിന്റെ തലയി ലാണ്. അതുകൊണ്ട് എനിക്കൊരു നിർദ്ദേശമുള്ളത് ഏകജാലകമെന്നു പറയു ന്നത് വളരെ മനോഹരമായിരിക്കുന്ന പേരാണ്. നല്ല ഒരു സങ്കൽപ്പമാണ്. അത് പ്രാവർത്തികമായിട്ടു വന്നുകഴിഞ്ഞാൽ തീർച്ചയായിട്ടും കേരളത്തിലെ വ്യവ സായ മേഖല പുരോഗമിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റൊരു കാര്യം ഇവിടെ പറയുന്നത് ഈ ബ്യൂറോക്രസിയുടെ indifferent and unhelpful attitude ആണ്. സാധാരണ ജനാധിപത്യ വ്യവസ്ഥിതിയിൽ സ്റ്റീം എൻജിനാണ് നമ്മുടെ ഉദ്യോഗസ്ഥൻമാർ, അത് പ്രവർത്തനക്ഷമമല്ലാതായി തീർന്നാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ താറുമാറാകും എന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. സർ, പലപ്പോഴും പുറത്തുനിന്ന് വരുന്ന ആളുകൾ വ്യവസായം സ്ഥാപിക്കണമെന്ന് പറയും. ഞാൻ പത്ത് മുപ്പത്തിരണ്ട് വർഷക്കാലം ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സിന്റെ സെക്രട്ടറിയായിട്ട് വർക്ക് ചെയ്തതിന്റെ ഫലമായിട്ട് അനേകം വ്യവസായ കോൺഫറൻസുകളിൽ പങ്കെടുത്തിട്ടുണ്ട്. കേരളത്തിലെ വ്യവസായ മന്ത്രിമാരും ലേബർ മന്ത്രിമാരു മൊക്കെ അതിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷെ, അവർ പറയുന്നത്, ആളുകൾ ഇവിടെ വന്നുകഴിഞ്ഞാൽ ഉണ്ടാകുന്ന കാലതാമസത്തെക്കുറിച്ചാണ്. running from pillar to post ഒരുകാര്യം നടക്കുന്നതിനുവേണ്ടി എത്രയോ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ഓടിനടക്കണം. 5 വർഷം താമസിച്ചുകഴിഞ്ഞാൽ ടെക്നോളജിയിൽ മാറ്റം വരുന്നുണ്ട്. മാനേജ്മെന്റ് വ്യവസ്ഥിതിയിൽ മാറ്റം വരുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും ഒരാൾക്ക് വ്യവസായത്തിൽ ഇൻവെസ്റ്റ് ചെയ്യണമെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെവേഗം തീർപ്പ് കൽപ്പിക്കണം. വാസ്തവത്തിൽ കഴിഞ്ഞ ദിവസം പത്രങ്ങളിൽ വായിച്ചല്ലോ കേരളം പോലുള്ള ഒരു സ്റ്റേറ്റിൽ പഞ്ചിംഗ് സമ്പ്രദായം കൊണ്ടുവരാൻ നിർബ ന്ധിതമായിരിക്കുന്ന ഒരു സാഹചര്യമുണ്ടായി. നമ്മുടെ ജീവനക്കാർക്ക് ജോലി ചെയ്യാതെ ശമ്പളം വാങ്ങാമെന്നുള്ള മനോഭാവം മാറണം. അവക്ക് ഒരു കമ്മി

LIBRARY ARCHIVES Kerala Legislative Assembly

റ്റ്മെന്റ് ഉണ്ടാകണം. ഉദ്യോഗസ്ഥൻമാരുടെ ഉദാസീനതകൊണ്ട് ഏതെങ്കിലും ആളുകൾക്ക് ലൈസൻസോ മറ്റുള്ള കാര്യങ്ങളോ ലഭിക്കാതെ വന്നുകഴിഞ്ഞാൽ അവർക്കുണ്ടാകുന്ന നഷ്ടം ആ ഉദ്യോഗസ്ഥനിൽനിന്ന് പിടിച്ചെടുക്കാനുള്ള പ്രൊവിഷനുംകൂടി ഈ ആക്ടിൽ ഉൾപ്പെടുത്തണം. ആപ്ലിക്കേഷൻ കിട്ടി 45 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും തീരുമാനമെടുത്തതിനുശേഷം 10 ദിവസത്തിനുള്ളിൽ ആളിനെ അറിയിക്കണമെന്നുമുള്ള നല്ല കുറേ കാര്യങ്ങളുണ്ട്. ഏകജാലകം എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഈ ബിൽ തീർച്ചയായും വളരെ നല്ല ഒരു ബില്ലാണ്. ഇത് പിന്നേയും ഓരോ ഉദ്യോഗസ്ഥരുടേയും കയ്യിലാണ് ചെല്ലുന്നത്. അവർ ഇന്നത്തെ മനോഭാവം തന്നെ തുടർന്നും എടുക്കുകയാണെങ്കിൽ ഏകജാലകം വന്നിട്ടും കാര്യമില്ല. അതുകൊണ്ട് അവരുടെ സഹകരണത്തോടുകൂടി, അവരുടെ സന്മനോഭാവത്തോടുകൂടി ഇങ്ങനെ ഒരു ഏകജാലക സംവിധാനം നടപ്പിലാക്കാൻ കഴിയുമെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് വളരെ കൂടുതൽ ഉണ്ടാകുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കെ. ബാബു</u> : സർ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, വൈകിയാണെങ്കിലും ഇത്തരമൊരു ബിൽ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. ഞാൻ ഇത് പറയാൻ കാരണം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു വ്യവസായനയം പ്രഖ്യാപിച്ചു. ആ വ്യവസായനയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഏകജാലക സംവിധാനം ഉണ്ടാക്കുകയെന്നുള്ളതായിരുന്നു. എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും ക്ലിയറൻസ് വരെ വാങ്ങിയിരുന്നു. പക്ഷേ, പിന്നീട് ഈ ഗവൺമെന്റ് വന്നതിനുശേഷം, ഇപ്പോൾ ഇത് അവതരിപ്പിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. ഈ ബില്ലിലെ 9-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൽ പറയുന്നത് 'സംസ്ഥാന ബോർഡ് ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകവും' എന്നാണ്. എല്ലാം ഭംഗിയായിട്ട് പോകുമെങ്കിൽ 45 ദിവസത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് 45 ദിവസമെന്നുള്ളത് കുറയ്ക്കുന്നതായിരിക്കും ഉചിതം. അത് പരിശോധിക്കണം.

സർ, നമ്മുടെ വ്യവസായരംഗത്തെ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട ഒന്ന് രണ്ട് പ്രശ്നങ്ങളെക്കുറിച്ച് പറയുകയാണ്. വ്യവസായ വകുപ്പ് വ്യവസായികൾക്ക് സബ്സിഡി കൊടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാം. ഇപ്പോൾ 12 കോടിരൂപ കിട്ടി. കഴിഞ്ഞകൊല്ലത്തെ കുടിശ്ശിക 8 കോടിരൂപ കൊടുക്കാനുണ്ടായിരുന്നു. ഇനി ഈ കുടിശ്ശിക തീർക്കണമെങ്കിൽ 20 കോടി രൂപ വേണം. കിട്ടിയതിന് പുറമേ 20 കോടിരൂപ കൂടി കിട്ടിയാലേ ഇതുവരെയുള്ള അപേക്ഷകർക്ക് സബ്സിഡി കൊടുക്കാൻ കഴിയൂ. അതുകൊണ്ട് വ്യവസായ വകുപ്പ് ചെറുകിട വ്യവസായികൾക്ക് സബ്സിഡി കൊടുക്കാൻ കഴിയാതെ നീട്ടിക്കൊണ്ടുപോകുകയാണ്.

സർ, രണ്ടാമത്തെ പ്രശ്നം price preference ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളും വ്യവസായ സംരംഭകരും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 15 ശതമാനം പ്രൈസ് പ്രിഫറൻസ് സംസ്ഥാനത്തുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ വ്യവസായ വകു

LIBRARY ARCHIVES Kerala Legislative Assembly

പ്പിന്റെ സബ്ജക്ട് കമ്മിറ്റിതന്നെ ഈ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. ഒരു ഡിപ്പാർട്ടുമെന്റും ഈ പ്രൈസ് പ്രിഫറൻസ് ആനുകൂല്യം കേരളത്തിലെ സ്ഥാപനങ്ങൾക്ക് നൽകി നമ്മുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നില്ല. അതുകൊണ്ട് പ്രൈസ് പ്രിഫറൻസിന്റെ ആനുകൂല്യം നമ്മുടെ സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് കിട്ടാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കീഴിലുള്ള എക്സൈസ് വകുപ്പുണ്ട്. ബിയർ ഉൾപ്പെടെ പുറത്തുനിന്നുള്ള ആളുകളുടേതാണ് ഇവിടെ വാങ്ങുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കമ്പനിയുടേ വാങ്ങുന്നില്ല. 'കെൽ'-ന്റെ ട്രാൻസ്ഫോർമർ ഇലക്ട്രിസിറ്റി ബോർഡ് വാങ്ങുന്നില്ല. ഖാദി ഉൽപ്പന്നങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ വാങ്ങുന്നില്ല. ഒരു ഡിപ്പാർട്ടുമെന്റും ഈ പ്രൈസ് പ്രിഫറൻസ് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് നൽകി ഉൽപ്പന്നങ്ങൾ വാങ്ങാൻ തയ്യാറാകുന്നില്ല.

സർ, വേറെ ഒരു പ്രശ്നമുള്ളത് നിർമ്മാണഘട്ടത്തിലുള്ള പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥത്തിൽ സംഘടിത വ്യവസായമേഖലയിൽ തൊഴിൽ ദിവസങ്ങൾ നഷ്ടം വരുന്നത് ഏറ്റവും കുറവാണ്.

സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് ഏറ്റവും കുറച്ച് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന സംസ്ഥാനം കേരളമാണ്. പക്ഷേ, ഇവിടുത്തെ പ്രശ്നം വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ, അതിന് കല്ലിടുന്ന സന്ദർഭത്തിൽതന്നെ ഇരുഭാഗത്തുള്ള ആളുകളും കൊടികുത്തി തൊഴിലവകാശം സ്ഥാപിക്കുകയാണ്. ഇവിടെ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് നിർമ്മാണഘട്ടത്തിലാണ്. അതുകൊണ്ട് നിർമ്മാണഘട്ടത്തിൽ തന്നെ തൊഴിലാളികളുടേയും വ്യവസായികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. ലിബറലൈസേഷന്റെ ഫലമായി ഓരോ സംസ്ഥാനത്തും ധാരാളം നിക്ഷേപം ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും കുറഞ്ഞനിക്ഷേപം കേരളത്തിലാണ്. പശ്ചിമബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേരളത്തേക്കാൾ വളരെ മുന്നിലാണ്. കേരളത്തിൽ അതിനുള്ള രാഷ്ട്രീയ സാമൂഹ്യ അന്തരീക്ഷമില്ലെന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കണ്ണൂർ, ആലപ്പുഴ പോലുള്ള പ്രദേശങ്ങളിലുണ്ടായിട്ടുള്ള സംഭവങ്ങളെല്ലാം കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന വ്യവസായികളെ പിന്നോട്ട് കൊണ്ടുപോകുന്ന സംഭവങ്ങളാണ്. അതുകൊണ്ട് വ്യവസായികൾ വ്യവസായത്തിന് പണം നിക്ഷേപിക്കുന്നതിനുള്ള സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കാൻ ഭരണകക്ഷി തന്നെ മുൻകൈയെടുക്കണം. വളരെ വൈകിയാണെങ്കിലും ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതിൽ സന്തോഷമുണ്ട്. നമ്മുടെ മന്ത്രിമാർ ധാരാളം വിദേശ യാത്രകൾ നടത്തി. പക്ഷേ, ഒറ്റ വ്യവസായവും വരുന്നില്ല. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു; ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : സമാനമായതിനാൽ മറ്റ് ഭേദഗതികൾ ഒന്നും അവതരിപ്പിക്കേണ്ടതില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കഴിഞ്ഞ മൂന്നരവർഷക്കാലത്തിനിടയിൽ കേരളത്തിന്റെ വ്യാവസായികമേഖലയിൽ ശാസ്ത്രീയമായ പുരോഗതിക്കുവേണ്ടിയുള്ള അടിത്തറപാകാനുള്ള പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിയത്. പുതിയ സഹസ്രാബ്ദത്തിലേക്ക് കേരളത്തിന്റെ വ്യാവസായിക സങ്കൽപ്പങ്ങളെ യാഥാർത്ഥ്യമാക്കാൻ ഉപയുക്തമായ ഒരു വ്യാവസായികനയം 1998-ൽ ഞങ്ങൾ പ്രഖ്യാപി

LIBRARY ARCHIVES Kerala Legislative Assembly

ച്ചു. അതിനുമുമ്പ് പ്രത്യേകിച്ചും ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോ ഴുണ്ടായിരുന്ന സ്ഥിതി എല്ലാവർക്കുമറിയാം. ഈ സംസ്ഥാനത്ത് നാലഞ്ചുമാ സക്കാലം പവർക്കട്ട് ഉണ്ടായിരുന്നു, പിന്നീട് ഒരു രണ്ടരക്കൊല്ലക്കാലം അത് ദീർഘമായ നീണ്ടുനിന്നു. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ആരെങ്കിലും വ്യവസായ നിക്ഷേപവുമായിട്ട് വരുമോ? അതിന് ആരാണുത്തരവാദിയെന്ന് അപ്പുറത്തിരിക്കുന്നവർ ആലോചിക്കണം. 17 മെഗാവാട്ട് വിദ്യുച്ഛക്തിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, കൂടുതലായി ഇവിടെ ഉൽപ്പാദിപ്പിച്ചത്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനം വളരെയധികം ദുരിതമനുഭവിച്ചു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇവിടെ വ്യവസായം തുടങ്ങാൻ വ്യവ സായികളെ എങ്ങനെ ക്ഷണിക്കും? വ്യവസായികളെ നമ്മൾ ഇവിടെ വ്യവ സായം തുടങ്ങാൻ ക്ഷണിച്ചാൽ അവർക്കാവശ്യമായിട്ടുള്ള ഇലക്ട്രിസിറ്റി കൊടുക്കാൻ നമുക്ക് യാതൊരു നിവൃത്തിയുമില്ല. വളരെയധികം വിഷമമാണ് ഇക്കാര്യത്തിലുള്ളത്. ഇവിടെ നാലും അഞ്ചും മാസം തുടർച്ചയായി പവർക്ക ട്ടാണ്. 100 ശതമാനം പവർക്കട്ടാണ് ഏതാനും അവസരങ്ങളിലുണ്ടായിരുന്നത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമുക്ക് എന്തുചെയ്യാൻ പറ്റും? അതു കൊണ്ടുതന്നെയാണ് ഒന്നുരണ്ടുകൊല്ലക്കാലം വേണ്ടത്ര പുരോഗതി വ്യവസാ യത്തിന്റെ കാര്യത്തിൽ ഉണ്ടാകാതിരുന്നത്. പക്ഷേ ഇക്കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലക്കാലത്തിനിടയിൽ വളരെ മോശമല്ലാത്ത നിക്ഷേപം ചെറുകിട വ്യവ സായമേഖലയിലും അതുപോലെ ഇടത്തരം മേഖലയിലും വിന്നിട്ടുണ്ട്. ചെറു കിടമേഖലയിൽ ഏതാണ്ട് 1200 കോടിയോളംരൂപ നിക്ഷേപമായിട്ട് വന്നിട്ടുണ്ട്. അതേകാലയളവിൽ ഇതിനുമുമ്പത്തെ ഗവൺമെന്റ് ഭരിച്ചിരുന്നപ്പോൾ അതിന്റെ പകുതിമാത്രമാണ് നിക്ഷേപമായിട്ടുണ്ടായിരുന്നത്. ഇതൊക്കെ ഞാൻ കണക്കുകൾ വച്ചുകൊണ്ടാണ് പറയുന്നത്. അതുപോലെതന്നെ കെ.എസ്.ഐ.ഡി.സി. വഴി വന്നിട്ടുള്ള നിക്ഷേപങ്ങളുടെ കാര്യം പരിശോധി ച്ചാൽ ഈ കാലയളവിൽ ഇത്തരത്തിലുണ്ടായിരുന്ന പവർക്കട്ടിനെ അഭിമുഖീ കരിച്ചുകൊണ്ട് മേശമല്ലാത്ത നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് കണക്കുകളെ ടുത്ത് ഉദ്ധരിച്ചുകൊണ്ടുതന്നെ എനിക്കുപറയാൻ കഴിയും. സമയക്കുറവു കൊണ്ട് അതിന്റെ കണക്കുകളിലേയ്ക്കൊന്നും എന്തായാലും ഞാനിപ്പോൾ കടക്കുന്നില്ല. പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. വളരെ ദയനീയമായ സ്ഥിതിയാണ് പൊതുവിലും ഉണ്ടായിരുന്നത്. അതി പ്പോൾ എല്ലാം പരിഹരിച്ചുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വിശദമായ ഒരു പഠനം നടത്തി ഒരു വൈറ്റ് പേപ്പർ അതിനെ സംബന്ധിച്ച് പുറപ്പെടുവിച്ചു. അതുകഴിഞ്ഞ് ഇപ്പോൾ കോർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള ബോണ്ട് ഇറക്കാൻ പോവുകയാണ്. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടെയും റിവൈവൽ പാക്കേജ് മിക്കവാറും ഉണ്ടാക്കിക്കഴിഞ്ഞു. ടെക്സ്റ്റൈൽ മേഖലയിൽ ഇന്ത്യാ രാജ്യത്ത് എത്രയോ മില്ലുകൾ പൂട്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് 12 മില്ലുകളിൽ ഒന്നുമാത്രമാണ് പൂട്ടിയത്. അതായത് തിരുവനന്തപുരത്തുണ്ടായി രുന്ന ഒരു മിൽ. എത്ര ശ്രമിച്ചിട്ടും അതിനെ നന്നാക്കാൻ കഴിയുകയില്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് പൂട്ടിയത്. അത്രയ്ക്ക് പഴകിദ്രവിച്ച മെഷീനായി രുന്നു അവിടെയുണ്ടായിരുന്നത്. ആ മെഷിനറിവച്ചുകൊണ്ട് ആ കമ്പനിയെ പുനരുദ്ധരിക്കാൻ കഴിയാത്തതുകൊണ്ട് അവിടെ പുനരുദ്ധാരണത്തിനുള്ള നടപടികളെടുക്കാൻ കഴിഞ്ഞില്ല. അത് പൂട്ടിക്കിടക്കുകയാണ്. മറ്റൊരു ടെക്സ്റ്റൈൽ മില്ലും ഈ സംസ്ഥാനത്ത് പൂട്ടിയിട്ടില്ല. ഇടയ്ക്ക് കുറച്ച് ധനസ ഹായം കൊടുത്താണ് പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്തിയത്. പക്ഷേ അതുകൊണ്ടുമാത്രം അതിനൊരു ശാശ്വതപരിഹാരം ഉണ്ടാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ടെക്സ്റ്റൈൽ മില്ലുകൾക്കുവേണ്ടി നൂറുകോടി രൂപയുടെ പദ്ധതിയുണ്ടാക്കിയിട്ടുണ്ട്. കോർപ്പസ്ഫണ്ടിൽനിന്നും 38 കോടി രൂപയും ബാക്കിത്തുക ബാങ്കുകളിൽനിന്നും. കേന്ദ്രഗവൺമെന്റിന്റെ ടെക്നോളജി ഫണ്ടിൽനിന്നും 5 ശതമാനവും ഇന്ററസ്റ്റ് സബ്സിഡി കിട്ടുമെങ്കിൽ അത് കിട്ടുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകൾക്കുമാത്രമേ കേന്ദ്രഗവൺമെന്റിന്റെ ടെക്നോളജി ഫണ്ടൽനിന്നും സബ്സിഡി അവർ കൊടുക്കുകയുള്ളൂ. എന്നിരുന്നാലും അവരുടെ പക്കൽനിന്നും 5 ശതമാനം സബ്സിഡി ലഭിക്കുവാനാവശ്യമായ പരിശ്രമം നടത്തുന്നുണ്ട്. 12 മില്ലുകളുടെയും പദ്ധതികൾ തയ്യാറായിക്കഴിഞ്ഞു. കോർപ്പസ് ഫണ്ട് വന്നുകഴിഞ്ഞാൽ അതെല്ലാം പുനരുദ്ധരിക്കും. വ്യക്തമായ ധാരണകളാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. ചെറുകിട വ്യവസായത്തെ സംബന്ധിച്ച് അതിന്റെ മാർക്കറ്റിംഗ് അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് സിഡ്കോയെ ഞങ്ങൾ തയ്യാറെടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുറേ ജോലികൾ ഇതിനിടയ്ക്കു ചെയ്തു. അതുപോലെതന്നെ ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് സംസ്ഥാന ഗവൺമെന്റിന്റെയോ, പൊതുമേഖലാ സ്ഥാപനങ്ങളുടെയൊക്കെയോ ബില്ലുകൾ മാറാൻ സമയം പിടിക്കുമായിരുന്നു. അതുകൊണ്ട് ഞങ്ങൾ അത് വേഗതയിലാക്കുന്നതിനായി ഒരു ഫാസ്റ്റ് നിംഗ് സർവ്വീസ് ഉണ്ടാക്കി. അതുകൊണ്ട് ബില്ലുകളിപ്പോൾ വേഗത്തിൽ മാറാൻകഴിയുന്നുണ്ട്. ബിൽ കൊടുത്തുകഴിഞ്ഞാൽ അവർക്ക് 90 ശതമാനം കാശ് കൊടുക്കും. അതുകഴിഞ്ഞാൽ അതിന്റേത് റെഡിയായിട്ട് വയ്ക്കുകയാണ്. ഇപ്പോൾത്തന്നെ ഞങ്ങൾ ഇത് തുടങ്ങിക്കഴിഞ്ഞു. അതനുള്ള അംഗീകാരം കിട്ടേണ്ടതുണ്ടെങ്കിലും അത് തുടങ്ങിക്കഴിഞ്ഞു. അതിന്റെ ഉദ്ഘാടനം ഞങ്ങൾ നടത്തി. ചെറുകിട വ്യവസായികളെയും വ്യവസായങ്ങളെയും വളരെയധികം സഹായിക്കുന്നുണ്ട്. ഇപ്പോൾ 90 ശതമാനം കാശ് കൈയിൽ കിട്ടും. പിന്നെ ബിൽ കൊടുക്കുമ്പോൾ ബാക്കി പണവും കൊടുക്കും. അതിനുള്ള ഏർപ്പാടുകളാണ് നടത്തിയിരിക്കുന്നത്.

<u>ശ്രീ. ബി. വിജയകുമാർ</u> : ഇവിടെയിപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പൊതുമേഖലാസ്ഥാപനങ്ങളുടെ റീ-വൈറ്റലൈസേഷൻ സംബന്ധിച്ച് ചെയ്യാനുദ്ദേശിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് പറഞ്ഞു. കേരള ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് എന്നുപറയുന്ന പൊതുമേഖലാസ്ഥാപനത്തിൽ അതിന്റെ ഭരണച്ചുമതലക്കുവേണ്ടി, അഡീഷണൽ ചാർജ്ജ് കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്-ന് കൊടുത്തുകൊണ്ട് ഒരു ഉദ്യോഗസ്ഥനാണ് രണ്ടിന്റെയും മാനേജിംഗ് ഡയറക്ടറായി പ്രവർത്തിക്കുന്നത്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിലെ ഒരു റിട്ടയേർഡ്. സെയിൽസ് ടാക്സ് ഓഫീസറെ കേരള ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസിന്റെ എം.ഡി. ആയിട്ട് ദീർഘകാലമായി വച്ചിരിക്കുകയാണ്. റിട്ടയേർഡ് സെയിൽസ് ടാക്സ് ഓഫീസറെ എം.ഡി. ആയിട്ട് കേരള സോപ്സ് ആന്റ് ഓയിൽസിന്റെ എം.ഡി.യെത്തന്നെ കേരള ഡിറ്റർജന്റ് ആന്റ് കെമിക്കൽസിന്റേയും എം.ഡി. ആയിട്ട് വച്ചിരിക്കുന്നത് ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണോ; അത് ആ പൊതുമേഖലാസ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായകമാണോയെന്ന് ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ എം.ഡി. ആയി മറ്റൊരാളെ നിശ്ചയിച്ചുകഴിഞ്ഞു. അവിടെ ഇപ്പോൾ എം.ഡി.യുണ്ട്. വലിയ കുഴപ്പമില്ലാത്ത അവിടെ ആവശ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിൽ ആളുകളെ ആവശ്യമുണ്ടെങ്കിലും എഫിഷ്യന്റായിട്ടുള്ള ആളുകളെ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം കൊടുത്താലും അവിടേക്ക് ആളിനെ കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. പല പൊതുമേഖലാ സ്ഥാപനങ്ങളും അതുകൊണ്ട് വിഷമതയിലാണ്. ആ പൊതുമേഖലാസ്ഥാപനങ്ങളെ റിവൈറ്റലൈസേഷൻ ഫണ്ട് വന്ന് അവയ്ക്ക് പണംകൊടുത്താലേ, അവർക്ക് ആ പണം കിട്ടിക്കഴിഞ്ഞാലേ അവയെ ശരിയാക്കാൻ കഴിയുകയുള്ളൂ. 'ടെൽക്കി'ന് ഞങ്ങൾ വളരെ പരിശ്രമിച്ചതിന്റെ ഫലമായി ഇപ്പോൾ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ, ഹരീദാബാദിലെ ജനറൽ മാനേജരെ കിട്ടിയിട്ടുണ്ട്. അദ്ദേഹം 18-ാം തീയതി ജോയിന്റ് ചെയ്യുകയാണ്. ഓരോ സ്ഥാപനത്തിനുംവേണ്ടി വലിയ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മൾ ഓരോ സ്ഥാപനത്തിനുവേണ്ടിയും അഡ്വർടൈസ് ചെയ്ത് ആളുകളെ വിളിച്ചു. പക്ഷേ കിട്ടിനില്ല. ആ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കുന്നില്ല, അല്ലെങ്കിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വന്നാൽ അവിടേക്ക് ഉദ്യോഗത്തിനായിട്ട് ആരും വരികയില്ല. ഓരോ സ്ഥാപനത്തിനും നമുക്ക് കഴിവുള്ള പ്രഗൽഭൻമാരായിട്ടുള്ള ആളുകളെ തന്നെ കിട്ടണം. അതിനുള്ള പരിശ്രമം നടത്തിയതിന്റെ ഫലമായി നമ്മുടെ സ്ഥാപനങ്ങൾക്കുവേണ്ടി രണ്ടുമൂന്ന് ആളുകളെ നമുക്ക് കിട്ടിയിട്ടുണ്ട്. ഇനിയും അത്തരം ആളുകളെ കിട്ടുന്നതിനുവേണ്ടിയുള്ള പരിശ്രമം തുടരുന്നതാണ്. നല്ല ഒന്നാംതരം സാങ്കേതിക വിദഗ്ധൻമാരെ വച്ചുകൊണ്ട് ഈ കമ്പനികളുടെ പ്രവർത്തനം നടത്തണം, ആ സ്ഥാപനങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അക്കാര്യങ്ങളിലേക്ക് ഞാൻ കൂടുതലായി ഇപ്പോൾ കടക്കുന്നില്ല. എന്തായാലും ഒരു ചെറിയ പുരോഗതി ഇക്കഴിഞ്ഞ മൂന്നരവർഷക്കാലത്തിനിടയിൽ നമ്മുടെ വ്യാവസായിക മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നാണെന്റെ വിശ്വാസം. ഞാൻ കണക്കുകൾ പരിശോധിച്ചിട്ടാണ് ഇതെല്ലാം പറയുന്നത്. കാര്യമായ പുരോഗതി ഇവിടെ വരണമെങ്കിൽ ഇനിയും കുറച്ചുകൂടി സമയമെടുക്കും. ഇവടെ ഞങ്ങൾ വിദേശത്ത് പോയതിനെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ വിദേശത്തുപോയത് എന്തിനുവേണ്ടിയാണ് എന്നകാര്യംകൂടി പറയാം. ഞങ്ങൾ രണ്ടുതവണ വിദേശത്തുപോയി. അത് ഇവിടെ വ്യവസായം തുടങ്ങാൻ ഇൻവെസ്റ്റേഴ്സിനെ ക്ഷണിക്കാൻവേണ്ടിയല്ല, നമ്മുടെ പ്രോഡക്ട്സ് വിൽക്കാൻ വേണ്ടിയാണ് പോയത്. അതിനുവേണ്ടി സംഘടിപ്പച്ച എക്സിബിഷനിൽ പങ്കെടുത്തു. ചില ഫലങ്ങൾ അതുമൂലമുണ്ടായിട്ടുണ്ട്. ടെൽക്കിന് എട്ടുകോടി രൂപയുടെ ഓർഡർ കിട്ടി. ട്രാവൻകൂർ ഷുഗേഴ്സിന് 6 കോടി രൂപയുടെ ഓർഡർ കിട്ടി. മാത്രമല്ല കെൽട്രോണും അതുപോലുള്ള സ്ഥാപനങ്ങൾ ഇന്ന് ആ സ്ഥലത്ത് അവർക്ക് ചിലകാര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിനുള്ള നെഗോസിയേഷൻസ് നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പല സ്ഥാപനങ്ങളും ഇതുമായി ബന്ധപ്പെട്ടു കഴിഞ്ഞു. ടൂറുകളുടെ ഭാഗമായിട്ട് നമുക്ക് കുറേയധികം സാദ്ധ്യതകൾ ഉണ്ടായിട്ടുണ്ട്. അതിന്റെ നെഗോസിയേഷൻസ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ടൂർ പോയതിന് ഫലമുണ്ടാകുമെന്ന് തന്നെയാണ് എന്റെ ഉറച്ചവിശ്വാസം, അതിന്റെ ഫലം തീർച്ചയായിട്ടും ഉണ്ടാകുമെന്ന് എനിക്ക് ഉറപ്പ് പറയാൻകഴിയും. ഇതിനോടകംതന്നെ രണ്ടുമൂന്നുപേർ വന്നുകഴിഞ്ഞു. ഇതുവരെ നമുക്ക് അതിനുവേണ്ട ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടായിരുന്നില്ല. ഗ്രോത്ത് സെന്റേഴ്സിന്റെ അടക്കം പണം അവസാനം വാങ്ങിയത് കേരളമാണെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഞാൻ പാർലമെന്റിന്റെ ഇൻഡസ്ട്രിയൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗമായിരുന്നു. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അന്ന് അതിന് മറുപടി പറയേണ്ടിവന്ന കാര്യമാണ്. അന്ന് ബന്ധപ്പെട്ട ആളുക ളോട് ഞാൻ പറഞ്ഞിരുന്നു, അത്രയധികം കാലതാമസം അന്നുണ്ടായി അതു കൊണ്ട് തന്നെ ഗ്രോത്ത് സെന്റേഴിസിന്റെ പ്രവർത്തനം തുടങ്ങാൻ വൈകി. രണ്ടെണ്ണം ഇപ്പോൾ കംപ്ലീറ്റായി. മൂന്നാമത്തേതിന്റെ കാര്യങ്ങൾ നടന്നുകൊ ണ്ടിരിക്കുകയാണ്. നാലമത്തേതിന് സ്ഥലമെടുക്കാനുള്ള കാര്യത്തിൽ ചില വിഷമങ്ങളുണ്ടെങ്കലും അതിന്റെ സ്ഥലമെടുപ്പ് ഉടനേ പൂർത്തിയാകും. 16 കിൻഫ്രാ പാർക്കുകൾ ഇപ്പോൾ റെഡിയായിക്കഴിഞ്ഞിട്ടുണ്ട്. നാലെണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. അവിടെയെല്ലാം ഇപ്പോൾ ആളുകൾ വരാനുള്ള സാദ്ധ്യതയുണ്ട്. വന്നുകൊണ്ടിരിക്കുന്നുമുണ്ട്. തീർച്ചയായും ഇത്തവണ വിദേ ശത്തുപോയതിന് ഫലമുണ്ടാകുമെന്ന് തന്നെയാണ് എന്റെ ഉറച്ചവിശ്വാസം. അത് ഭാവിയിൽ തെളിയിക്കേണ്ടതാണ്. അതുസംബന്ധിച്ച് നമുക്ക് പിന്നീട് ചർച്ചചെയ്യാം. അതുകൊണ്ട് ഇവിടെ ഇൻവെസ്റ്റുമെന്റ് വരണം. ഇൻവെസ്റ്റു മെന്റ് വരണമെങ്കിൽ ഭൗതികസാഹചര്യങ്ങൾ അതിന് അനുകൂലമായിരി ക്കണം. നിങ്ങൾക്കറിയാം, എന്തുകൊണ്ടാണ് ബാംഗ്ലൂരിൽ വരുന്നത്, ഹൈദ്രാ ബാദിൽ വരുന്നത് എന്തുകൊണ്ടാണ് ബോംബെയിലും മറ്റുസ്ഥലങ്ങളിലു മൊക്കെ വരുന്നത് എന്ന്. ബോംബെയിൽനിന്ന് ഇപ്പോൾ ആളുകൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. എങ്കിലും നടന്നതെന്താണ്? അതിന് ചരിത്രപര മായ ചില കാര്യങ്ങളുണ്ട്. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് വിപുലമായി രുന്നു അവിടെയൊക്കെ. അയ്യായിരവും പതിനായിരങ്ങളുമൊക്കെ പണിയെടു ക്കുന്ന സ്ഥാപനങ്ങൾ ബാംഗ്ലൂരിൽ ചെന്നാൽ നിങ്ങൾക്ക് കാണാം, ഹൈദ്രാ ബാദിൽ ചെന്നാൽ നിങ്ങൾക്ക് കാണാം, ബോംബെയിൽ ചെന്നാൽ അവിടെ കാണാം, ഡൽഹിയിൽ ചെന്നാൽ അവിടെ കാണാം, മദ്രാസിൽ ചെന്നാൽ അവിടെയും നിങ്ങൾക്ക് കാണാം. ഞാൻ ചോദിക്കട്ടെ, എന്നാൽ കേരളത്തിൽ ഇത് എവിടെയാണ് നിങ്ങൾക്ക് കാണാൻ കഴിയുന്നത്? കേരളത്തോട് കഴിഞ്ഞ കേന്ദ്രഗവൺമെന്റുകൾ കാണിച്ച കടുത്ത അവഗണനയുടെ ഫല മായി ഇവിടേക്ക് നമുക്ക് എത്ര പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് കിട്ടിയോയന്ന് നമ്മൾ ആലോചി ക്കണം. ഇവിടെ ഒരു കപ്പൽ നിർമ്മാണകേന്ദ്രമുണ്ട്. കൊച്ചിൻ കപ്പൽ നിർമ്മാണ കേന്ദ്രത്തിനുവേണ്ടി നമ്മൾ വലിയ പ്രക്ഷോഭണം നടത്തി, നമുക്ക് കപ്പൽ നിർമ്മാണകേന്ദ്രം കിട്ടി. എന്നിട്ട് അവിടെ കപ്പൽ പണിയുന്നുണ്ടോ? ഇപ്പോൾ നമ്മൾ വലിയ പ്രഷർ ചെലുത്തിയിട്ട് ഇത്തവണ ഡിഫൻസിനു വേണ്ടി ഒരു കപ്പൽ ഇവിടെ കൊച്ചിൻ ഷിപ്പയാർഡിൽവച്ച് പണിയാമെന്ന് പറ ഞ്ഞിരിക്കുകയാണ്. ഞാൻ ഓഫീസുകൾതോറും കയറിയിറങ്ങുകയാണ്. അവ രുടെ ശക്തമായ അവഗണനയാണ് കേരളം വ്യാവസായികമായി പിന്നോക്കാവ സ്ഥയിലെത്താൻ കാരണം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് കുറ വാണ്. കേന്ദ്ര പൊതുമേഖലയിലെ നിക്ഷേപവും കുറഞ്ഞുകുറഞ്ഞുവരിക യാണ് ചെയ്യുന്നത്. എങ്ങനെ വരും ഇവിടെ ഇൻഡസ്ട്രി? ഇൻഡസ്ട്രി തുടങ്ങുകയാണെങ്കിൽ അത് ബാംഗ്ലൂരിലേക്ക് പോകും. എന്തുകൊണ്ടാണ് ബാംഗ്ലൂരിലേക്ക് പോകുന്നത്? അവിടെ തുടങ്ങുന്നതിനു കാരണം അവിടെ ഇൻഡസ്ട്രീ തുടങ്ങുന്നതിന് സഹായകമായ നിലയിലുള്ള ഭൗതികസാഹചര്യ മുണ്ട്. എന്നാൽ കേരളത്തിൽ ഭൗതിക സാഹചര്യങ്ങളില്ല. അത് ഇവിടെ ഉണ്ടാ ക്കിക്കൊണ്ടുവരാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്ന ത്. അതിന് നിങ്ങളുടെയെല്ലാം സഹായവും സഹകരണവും ആവശ്യമാണ്. അതിന്റെ ഒരു ഭാഗമായിട്ടാണ് ഈ ഏകജാലക സമ്പ്രദായം കൊണ്ടുവന്നിട്ടു ള്ളത്. കണ്ണൂരും ആലപ്പുഴയുമൊന്നുമല്ല ഇവിടെ പ്രശ്നം. മറ്റുസംസ്ഥാനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലെ ക്രമസമാധാനനിലയുമായി തട്ടിച്ചുനോക്കിയാൽ കേരളം അക്കാര്യ ത്തിൽ എത്രയോ ഭേദമാണെന്ന് നമുക്ക് കാണാൻകഴിയും. മറ്റുസംസ്ഥാനങ്ങ ളിലെ സ്ഥിതിയെക്കുറിച്ച് നമുക്കൊക്കെ അറിയാം. അതിവിടെ ചർച്ച ചെയ്യേ ണ്ടതല്ലെന്നാണ് എന്റെ അഭിപ്രായം. ക്രമസമാധാനത്തിന്റെ കാര്യമെടുത്താൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഒറ്റപ്പെട്ട ഒന്നോരണ്ടോ സംഭവമെടുത്തു ചെരുപ്പിച്ച് കാണിച്ചുകൊണ്ട് ഇവിടെ ക്രമസമാധാനനില തകർന്നിരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. ഞാൻ പത്രക്കാരോട് പറഞ്ഞു, നിങ്ങൾ ഇവിടെ ക്രമസമാധാനില തകർന്നിരിക്കുന്നു എന്നും മറ്റും പത്രങ്ങളി ലൂടെ എഴുതിവിടുന്നത് രാജ്യദ്രോഹമാണ്, കേരളത്തിൽ അസമാധാനനില യാണ് നിലവിലുള്ളതെന്ന് എഴുതുന്നത് രാജ്യദ്രോഹമാണ്-അത് നമ്മുടെ കേരളത്തിൽ വ്യവസായം തുടങ്ങാൻ വരുന്ന വ്യവസായികളെ നിരുത്സാഹപ്പെ ടുത്തുന്ന പണിയാണ്. അതുകൊണ്ട് അത്തരത്തിലുള്ള കുപ്രചരണങ്ങൾ പത്രമാദ്ധ്യമങ്ങളിലൂടെ എന്റെ സുഹൃത്തുക്കൾ എഴുതിവിടരുത് എന്ന് ഞാൻ പത്രക്കാരോട് പറഞ്ഞിട്ടുണ്ട്. അതുപോലെയുള്ള കുപ്രചരണങ്ങൾ ഇവി ടത്തെ പ്രതിപക്ഷസുഹൃത്തുക്കളും നടത്തരുതെന്നാണ് എന്റെ അഭ്യർത്ഥന. വ്യാവസായികമേഖല ഇവിടെ തികച്ചും ശാന്തമാണ്. അക്കാര്യങ്ങൾ എന്തു പ്രശ്നമുണ്ടായാലും നമ്മൾ ഇടപെട്ട് പരിഹരിക്കുന്നുണ്ട്, പോരായ്മകളുണ്ടാ വാം, കുറവുകളുണ്ടാവാം, പക്ഷേ അതുകൊണ്ട് കേരളം അസമാധാനപ്രദേശ മായി നമ്മൾ ചിത്രീകരിച്ചുകൂടാ. അത് ഈ സംസ്ഥാനത്തിന് വളരെയേറെ ദോഷംചെയ്യും. ഞാൻ ഗൾഫിൽ ചെന്നപ്പോൾ പലരും എന്നോടുചോദിച്ചു, ഇവിടെ തൊഴിൽ കുഴപ്പമുണ്ടോയെന്ന്? ഈ പ്രചാരവേല പത്രക്കാരെല്ലാം മനോരമയും മാതൃഭൂമിയുമൊക്കെ അങ്ങനെ വെണ്ടയ്ക്കായിലും ഒതളങ്ങാ യിലും നിരത്തുകയല്ലേ. അതിന്റെ ഫലമായി ആളുകളുടെയിടയിൽ ഒരു ധാര ണയുണ്ടായിരിക്കുന്നത് ഏതാണ്ടിവിടെ എന്തോ കുഴപ്പമുണ്ടായിരിക്കുന്നു എന്നാണ്. ഞാൻ അവരോട് പറഞ്ഞു, പണിമുടക്കുകളുടെ കാര്യത്തിൽ ഏതാനും ചുമട്ടുതൊഴിലാളികൾ എന്തെങ്കിലും ചെയ്യുന്നത് ഈ രാജ്യത്തിലെ ഏറ്റവും വലിയ പ്രശ്നമാണെന്ന് പറയുന്നത് ശരിയല്ല, അതിനും വാസ്തവ ത്തിൽ എന്തെങ്കിലും ചിലകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അവരും ഇക്കാര്യം മന സ്സിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ പുരോഗതിക്ക് അവർ വിഘാതമായി നിന്നുകൂടാ. ഇവിടെ ഒരു ചെറിയ സംഭവമുണ്ടായി. ഇവിടെ ഒരു ചെറിയ പണിമുടക്ക് ഉണ്ടായാൽ അത് ഇന്ത്യാരാജ്യം മുഴുവൻ അറിയും. അടുത്തകാ ലത്ത് ബാംഗ്ലൂരിൽ പണിമുടക്കുണ്ടായി, ദീർഘമായ പണിമുടക്കുണ്ടായി, എന്നിട്ട് അക്കാര്യം ആരറിഞ്ഞു? ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങൾ എനിക്ക് പറയാൻ കഴിയും. ഞാൻ അതൊന്നും ഇവിടെ പറയുന്നില്ല. അതു കൊണ്ട് ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ വൈകിയാൽ ഇവിടേക്ക് വ്യവ സായം തുടങ്ങാനായി വരുന്നവർക്ക് പത്തും പന്ത്രണ്ടും സ്ഥലത്തുപോയി എങ്കിലേ ഒരു വ്യവസായം ഇവിടെ തുടങ്ങാൻ കഴിയൂ, അത് തുടങ്ങാനുള്ള അനുവാദംകിട്ടൂ. അവരെയെല്ലാം ഒന്നിച്ച് ഒരു സ്ഥലത്തു ചേർത്ത് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അതുപോലെതന്നെ നഗരപ്രദേശങ്ങളിലും പുതുതായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിലുമെല്ലാം അവർക്ക് ആവശ്യമായ സാഹചര്യമൊരുക്കിക്കൊണ്ട് അവർക്കിവിടെ വ്യവസായം തുടങ്ങാനുള്ള ക്ലിയ റൻസ് വേഗത്തിൽ കിട്ടാനുള്ള ഒരു സംവിധാനമാണ് ഇതിലുള്ളത്. അതു കൊണ്ട് ഇത് പ്രതിപക്ഷം അടക്കം സഹകരിച്ച് പാസ്സാക്കേണ്ടതാണ്. ഇത് കേരളത്തിന്റെ വ്യാവസായിക ഭാവിയുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ബില്ലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇതിനെ ഏകകണ്ഠമായി പാസ്സാക്കിത്തരുന്നതിന് സഹായിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : താങ്ക് യു. ഏതായാലും ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. യേസ് Better late than never. ഇനി നമുക്ക് അടുത്ത നടപടിയിലേക്ക് പോകാം. ഭേദഗതികളുടെ നിരാകരണമാണ് അടുത്തത്.

ശ്രീ. എം.എ. തോമസ്, അങ്ങയുടെ ഒന്നാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം.എ. തോമസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : യേസ്, സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു, അങ്ങയുടെ 77-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : യേസ്, ശ്രീ. കെ. ബാബുവിന്റെ 77-ാം നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ ..... ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ഇനി 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ, വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നോവർ.....

പ്രയമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിയ്ക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.42-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 223

അനുബന്ധം II (a)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ

കേരള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക :-സംസ്ഥാനത്ത്, വ്യവസായങ്ങളുടെ സുഗമമായ സ്ഥാപനവും അവയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും വ്യവസായ നഗരപ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡം, അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു വ്യവസായ നഗരം സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

ഒരു വ്യവസായ നഗരത്തിന്റെ ഭരണ നിർവഹണത്തിനും, വ്യവസായ വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി വ്യവസായ പ്രദേശ വികസന അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നത് ആവശ്യമായിരിക്കുന്നതിനാലും;

ഇപ്പറഞ്ഞ എല്ലാ കാര്യങ്ങൾക്കും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യായം - I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും-(1) ഈ ആക്ടിന് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ :-ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, -

(എ) "അധികാരസ്ഥാനം" എന്നാൽ സംസ്ഥാനത്ത് ഒരു വ്യവസായ സംരംഭം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ നൽകേണ്ടതായ ഏതെങ്കിലും സർക്കാർ വകുപ്പോ, സർക്കാർ ഏജൻസികളോ, ഗ്രാമ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(ബി) 'ഉപ നിയമങ്ങൾ' എന്നാൽ ഈ ആക്ട് പ്രകാരം സംസ്ഥാന ബോർഡ് ഉണ്ടാക്കിയ ഉപനിയമങ്ങൾ എന്നർത്ഥമാകുന്നു;

(സി) "ജില്ലാ ബോർഡ്" എന്നാൽ ഈ ആക്ടിന്റെ 4-ാം വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) "വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥൻ" എന്നാൽ ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ പ്രസ്തുത വ്യവസായ പ്രദേശത്തിന്റെ വികസനവും സംരക്ഷണവും സംബന്ധിച്ച് ആവശ്യങ്ങൾക്കായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "വ്യവസായ പ്രദേശം" എന്നാൽ, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംമൂലം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സംസ്ഥാനത്തെ ഏതൊരു പ്രദേശവും എന്നർത്ഥമാകുന്നതും, അതിൽ വ്യവസായ എസ്റ്റേറ്റുകൾ, വികസന പ്രദേശങ്ങൾ, വികസന പ്ലോട്ടുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ വ്യവസായ പാർക്കുകൾ, വളർച്ചാ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

(ജി) "വ്യവസായ പ്രദേശ ബോർഡ്" എന്നാൽ ഈ ആക്ടിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

(എച്ച്) "വ്യവസായ നഗര പ്രദേശം" എന്നാൽ ഈ ആക്ടിന്റെ 14-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു വ്യവസായ പ്രദേശം എന്നർത്ഥമാകുന്നു;

(ഐ) "വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം" എന്നാൽ 17-ാം വകുപ്പും പദ്ധതിയും പ്രകാരം ഒരു വ്യവസായ നഗര പ്രദേശത്തിനായി രൂപീകരിച്ച ഒരു വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം, എന്നർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) "വ്യവസായ സംരംഭം" എന്നാൽ നീരാവികൊണ്ടുള്ള ഊർജ്ജമോ, ജലോർജ്ജമോ, മെക്കാനിക്കൽ ഊർജ്ജമോ, വൈദ്യുത ഊർജ്ജമോ ഉപയോഗിക്കപ്പെടുന്ന ഒരു ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തിസ്ഥലമോ അഥവാ മേൽപ്പറഞ്ഞ ഏതെങ്കിലും ഊർജ്ജത്താൽ പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രങ്ങളോ, ഉല്പാദന പ്ലാന്റുകളോ സ്ഥാപിച്ചിരിക്കുന്ന ഏതെങ്കിലും പരിസരങ്ങളോ അഥവാ ഊർജ്ജത്തിന്റെ സഹായത്താലോ അല്ലാതെയോ പത്തോ അതിലധികമോ തൊഴിലാളികൾ ജോലിക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായ സംരംഭമോ, എന്നർത്ഥമാകുന്നു;

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "പദ്ധതി" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എം) "ചെറുകിട വ്യവസായ സംരംഭം" എന്നാൽ 1951-ലെ വ്യവസായങ്ങൾ (വികസനവും നിയന്ത്രണവും) ആക്ട് (1951-ലെ 65-ാം കേന്ദ്ര ആക്ട്) 11 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളനുസരിച്ച് പ്രസ്തുത ആക്ടിന്റെ ആവശ്യത്തിനായി ഒരു ചെറുകിട വ്യവസായ സംരംഭമായി പരിഗണിക്കപ്പെടാൻ അർഹതയുള്ളതും പത്തുലക്ഷം രൂപയിൽ കുറയാത്ത മൂലധന നിക്ഷേപമുള്ളതുമായ ഒരു വ്യവസ്ഥ സംരംഭം എന്നർത്ഥമാകുന്നു;

(എൻ) "സംസ്ഥാന ബോർഡ്" എന്നാൽ ഈ ആക്ടിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച "കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ്" എന്നർത്ഥമാകുന്നു;

(ഒ) "സംസ്ഥാന നിയമം" എന്നാൽ തിരുവിതാംകൂറിന്റെയോ, കൊച്ചിയുടെയോ ഒരു വിളംബരമോ, ആക്റ്റോ, തിരുകൊച്ചിയുടെ ഒരു ആക്റ്റോ, ഓർഡിനൻസോ, കേരള സംസ്ഥാന നിയമ നിർമ്മാണസഭ പാസ്സാക്കിയ ഒരു ആക്റ്റോ അല്ലെങ്കിൽ ഗവർണ്ണർ പുറപ്പെടുവിച്ചതും സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്നതുമായ ഒരു ഓർഡിനൻസോ എന്നർത്ഥമാകുന്നതും അതിൽ അത്തരം ഏതെങ്കിലും ആക്ട്മൂലം നൽകപ്പെട്ട ഒരു അധികാരം വിനിയോഗിച്ച് സർക്കാരോ സർക്കാരിന്റെ കീഴിലുള്ള ഒരു അധികാരസ്ഥാനമോ ഉണ്ടാക്കിയ ഒരു ചട്ടമോ, ഉത്തരവോ, ഉപനിയമമോ അല്ലെങ്കിൽ റഗുലേഷനോ ഉൾപ്പെട്ടതുമാകുന്നു.

അദ്ധ്യായം II

സംസ്ഥാന ബോർഡും ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും

3. സംസ്ഥാന ബോർഡ് - (1) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി സർക്കാരിന് വിജ്ഞാപനംമൂലം സംസ്ഥാനത്ത് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ, നികുതി, ജലസേചനം, ഊർജ്ജം, വനം എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(സി) കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ;

(ഡി) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ക്ലിപ്തം;

(ഇ) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ;

(എഫ്)കേരള സംസ്ഥാന വ്യവസായ ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെയർമാൻ;

(എച്ച്) കേരള ധനകാര്യ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ഐ) ചീഫ് ടൗൺ പ്ലാനർ;

(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(കെ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(എൽ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(എം) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ;

(എൻ) ആരോഗ്യ വകുപ്പ് ഡയറക്ടർ;

(4) ഗവൺമെന്റ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സംസ്ഥാന ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

(5) ചെയർമാൻ നിശ്ചയിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും സംസ്ഥാന ബോർഡ് യോഗം ചേരേണ്ടതും, അതിന്റെ കാര്യനിർവ്വഹണത്തിനായി ഉപനിയമങ്ങളിൽ പറഞ്ഞിട്ടുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(6) സംസ്ഥാന ബോർഡിന്, ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ തേടുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമായി ഏതൊരു വ്യക്തിയുമായും കൂട്ടുകൂടാവുന്നതും അപ്രകാരം കൂട്ടുകൂടിയ ആൾക്ക് ആ ആവശ്യം സംബന്ധിച്ച് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, അദ്ദേഹത്തെ സംസ്ഥാന ബോർഡിന്റെ ഒരംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാണ്.

4. ജില്ലാ ബോർഡുകൾ : - (1) സംസ്ഥാനത്തെ ഓരോ ജില്ലയിലും ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾപ്രകാരം ആവശ്യമായ വിവിധതരം ലൈസൻസുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കുംവേണ്ടി ഒരു ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ല ഏകജാലക ക്ലിയറൻസ് ബോർഡും, ഏത് ജില്ല യ്ക്കുവേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത്, ആ ജില്ലയുടെ പേരിലുള്ള ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും ഉള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) ജില്ലാ കളക്ടർ;

(ബി) ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റോ അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ;

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ജില്ലാ ഓഫീസറോ, അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ആഫീസറോ, അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്) നഗരാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഐ) ഫാക്ടറീസും ബോയിലേഴ്സും ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗര വികസന അതോറിറ്റിയുടെ സെക്രട്ടറി അഥവാ ജില്ലാ പഞ്ചായത്തു സെക്രട്ടറി;

(എൻ) വിൽപ്പന നികുതിയും - കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിട്ടി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, കേരള ജല അതോറിട്ടിയിലെ ഒരുദ്യോഗസ്ഥൻ;

LIBRARY ARCHIVES Kerala Legislative Assembly

(4) ജില്ലയിലെ കളക്ടർ ജില്ലാ ബോർഡിന്റെ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ അതിന്റെ കൺവീനറും ആയിരിക്കേണ്ടതാണ്.

(5) ജില്ലാ ബോർഡ്, അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും വച്ച് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച് ഉപനിയമങ്ങളിൽ പറയുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(6) ജില്ലാ ബോർഡിന്, ഈ ആക്ടുപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിനു ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അത്തരം ഉദ്ദേശങ്ങൾക്കുംവേണ്ടി ഏതൊരു ആളുമായും പങ്കു ചേരാവുന്നതും അപ്രകാരം പങ്കുചേർന്ന ആളിന് ആ ഉദ്ദേശവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ജില്ലാ ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും ജില്ലാ ബോർഡിന്റെ അംഗമായി കരുതാൻ പാടില്ലാത്തതുമാണ്.

5. വ്യവസായ പ്രദേശ ബോർഡുകൾ :- (1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങളോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിന് വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനുംവേണ്ടി വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന് വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡും ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഏത് ജില്ലയ്ക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ പേരിലുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് അതായത്:-

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരി/ അധികാര സ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസർ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ എക്സിക്യൂട്ടീവ് എൻജിനീയർ;

(ജെ) ഫാക്ടറീസും ബോയിലേഴ്സും ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(കെ) ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) വിൽപ്പന നികുതിയും കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജലഅതോറിറ്റിയിലെ എക്സിക്യൂട്ടീവ് എൻജിനീയർ.

(3) സർക്കാരിന്, ജില്ലാ കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത, വ്യവസായ പ്രദേശ ബോർഡിലെ ഒരു അംഗത്തെ അതിന്റെ ചെയർമാനായി നിയമിക്കാവുന്നതും ആ വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാര സ്ഥാനം വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതും ആണ്.

(4) വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും വ്യവസായ പ്രദേശ ബോർഡ് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച് ഉപനിയമങ്ങളിൽ പറയുന്ന പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(5) വ്യവസായ പ്രദേശ ബോർഡിന്, ഈ ആക്ട് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുംവേണ്ടി ഏതൊരാളുമായും കൂട്ടുകൂടാവുന്നതും അപ്രകാരം കൂട്ടുകൂടപ്പെട്ട ആളിന് ആ നിർദ്ദേശവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ വ്യവസായ പ്രദേശ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, വ്യവസായ പ്രദേശബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

6. ലൈസൻസ് മുതലായവയിൽനിന്നും ഒഴിവാക്കൽ:-തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവസായ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങളെയും മുനിസിപ്പാലിറ്റികൾ അഥവാ ഗ്രാമപഞ്ചായത്തുകൾ, നഗര ആസൂത്രണ വകുപ്പ് അഥവാ വികസന അതോറിറ്റികൾ എന്നിവയിൽനിന്നും, വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട പെർമിറ്റുകൾ വാങ്ങുന്നതിൽനിന്നും ഒഴിവാകുന്നതാണ്.

7. വ്യവസായ പ്രദേശ ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും:-(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു വ്യവസായ പ്രദേശത്ത് ഒരു വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിനായി ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് എന്തെങ്കിലുമുണ്ടെങ്കിൽ അതുസഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) വ്യവസായ പ്രദേശ ബോർഡ്, ഇതിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചതിനുശേഷവും, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകവും,-

(എ) അപേക്ഷിച്ചിട്ടുള്ള ലൈസൻസോ അനുവാദമോ, യാതൊരു മാറ്റവുമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനായി ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ അഥവാ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ അഥവാ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നിരസിക്കുന്നതിനോ തീരുമാനമെടുക്കേണ്ടതാണ്.

(3) വ്യവസായ പ്രദേശ ബോർഡ് എടുക്കുന്ന തീരുമാനം, അതിന്റെ നിയുക്ത അധികാരസ്ഥന്, അപേക്ഷകനെയും ബന്ധപ്പെട്ട അധികാരസ്ഥാനത്തെയും അറിയിക്കേണ്ടതാണ്.

8. ജില്ലാ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും :- (1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, യഥാക്രമമുള്ള അതത് ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) ജില്ലാ ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനകവും,

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ ലൈസൻസോ അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ, സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അതിന് അഭിപ്രായമുള്ളപക്ഷം ക്ലിയറൻസ് നൽകുന്നത് നിരസിക്കുന്നതിനോ; തീരുമാനമെടുക്കേണ്ടതാണ്

(3) ജില്ലാ ബോർഡ് എടുക്കുന്ന തീരുമാനം ജില്ലാ ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും അറിയിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) സംസ്ഥാനബോർഡ് എടുക്കുന്ന തീരുമാനം സംസ്ഥാന ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാന ത്തേയും അറിയിക്കേണ്ടതാണ്.

9. സംസ്ഥാന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും :- (1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അട ങ്ങിയിരുന്നാലും, ഏതെങ്കിലും ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭി ക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, യഥാക്രമമുള്ള അതത് ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ട തായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ട താണ്.

(2) സംസ്ഥാന ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ നാല്പ ത്തിയഞ്ചു ദിവസത്തിനകവും,

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ ലൈസൻസോ അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ, സ്ഥാപനമോ യന്ത്രോപകരണങ്ങ ളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം അനുമതി പത്രം നിരസിക്കുവാനോ;

തീരുമാനമെടുക്കേണ്ടതാണ്.

(3) സംസ്ഥാനബോർഡ് എടുക്കുന്ന തീരുമാനം സംസ്ഥാന ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാന ത്തേയും അറിയിക്കേണ്ടതാണ്.

10. ശുപാർശകളുടെ അടിസ്ഥാനത്തിൽ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകൽ- തത്സമയം പ്രാബല്യത്തി ലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബന്ധ പ്പെട്ട അധികാരസ്ഥാനം സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡി ന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ ശുപാർശ ലഭിച്ച് പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം അതതു സംഗതിപോലെ സംസ്ഥാന ബോർഡി ന്റെയോ, ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ ശുപാർശ ലഭിച്ച് പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം അതതുസംഗതിപോലെ സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ ശുപാർശകൾക്കനുസൃതമായി അപേക്ഷിച്ച പ്രകാരമുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകേണ്ടതാണ്. അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ പ്രസ്തുത സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലാത്തപക്ഷം, അതതു ബോർഡ് ശുപാർശ ചെയ്ത പ്രകാരമുള്ള അനുമതിപത്രമോ, ലൈസൻസോ സർട്ടിഫി ക്കറ്റോ അതതുസംഗതിപോലെ, പ്രസ്തുത പത്ത് പ്രവൃത്തിദിവസങ്ങൾ അവ സാനിച്ചതിനുശേഷം, നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

11. സംസ്ഥാന ബോർഡിന്റെ അപ്പലേറ്റ് അധികാര പരിധി.-

(1) ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ മുമ്പാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ, മാറ്റങ്ങളോടുകൂടി ശുപാർശ ചെയ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശുപാർശയോ ജില്ലാ ബോർഡിൽനിന്നോ വ്യവസായ പ്രദേശ ബോർഡിൽനിന്നോ ലഭിച്ച തീയതിമുതൽ മുപ്പതു ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാനബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന ബോർഡിന് ആവശ്യമെന്ന് അതു കരുതുന്ന പക്ഷം, കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള വിശദാംശങ്ങൾ ഹാജരാക്കപ്പെട്ടശേഷവും സങ്കടമനുഭവിക്കുന്ന വ്യക്തിക്കും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷവും, അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്. പ്രസ്തുത അപ്പീലിന്മേലുള്ള സംസ്ഥാന ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) സംസ്ഥാന ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അതു നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഈ വകുപ്പിൻകീഴിലുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും നിയന്ത്രണങ്ങളും വ്യവസ്ഥകളും എന്തെങ്കിലുമുണ്ടെങ്കിൽ അതിനു വിധേയമായി അതു രൂപീകരിക്കുന്ന ഏതെങ്കിലും ഉപസമിതിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(4) ഉപസമിതിയുടെ ഘടന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ അതിന്റെ ഉപസമിതിയോ ഈ വകുപ്പിൻകീഴിൽ, എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ലൈസൻസോ, ക്ലിയറൻസോ സർട്ടിഫിക്കറ്റോ ബന്ധപ്പെട്ട നിയമത്തിൻകീഴിൽ നൽകപ്പെട്ടതായി കരുതപ്പെടുന്നതാണ്.

12. സർക്കാരിന്റെ അപ്പലേറ്റ് അധികാരപരിധി.- അതതുസംഗതിപോലെ, ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡന്റെയോ തീരുമാനത്തിൻമേൽ 11-ാം വകുപ്പിൻകീഴിൽ അപ്പീലിൽ എടുത്ത തീരുമാനങ്ങളുടെ സംഗതികളിലൊഴികെ, സംസ്ഥാന ബോർഡിന്റെ തീരുമാനത്തിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന ബോർഡിന്റെ അപ്രകാരമുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം സർക്കാരിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

13. ലൈസൻസുകൾ റദ്ദാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം. - (1) സംസ്ഥാന ബോർഡിന്, സ്വമേധയാ ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ, ഈ ആക്ടിൻകീഴിലുള്ള ഏതെങ്കിലും നടപടികളെ സംബന്ധിച്ച രേഖകൾ ഏതു സമയത്തും പരിശോധിക്കാവുന്നതും, ഈ ആക്ടിൻകീഴിലുള്ള ക്ലിയറൻസോ സർട്ടിഫിക്കറ്റോ ലൈസൻസോ പ്രധാന വസ്തുതകൾ തെറ്റായ രീതിയിൽ ധരിപ്പിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടോണ് സമ്പാദിച്ചിട്ടുള്ളതെന്ന് സംസ്ഥാന ബോർഡിന് ബോദ്ധ്യവന്നാൽ, അതിന്, ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് അവർ നൽകിയ ലൈസൻസോ, സർട്ടിഫിക്കറ്റോ ക്ലിയറൻസോ റദ്ദാക്കാൻ ഉത്തരവ് മുഖേന നിർദ്ദേശിക്കാവുന്നതാണ്;

എന്നാൽ, ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരുത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ബോർഡ് പാസ്സാക്കുവാൻ പാടുള്ളതല്ല;

(2) ഈ ആക്ടിൻ കീഴിൽ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നൽകപ്പെട്ടിട്ടുള്ള ആളോ അധികാരസ്ഥാനമോ, അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലോ അഥവാ ഏതെങ്കിലും സംഗതിയിൽ ഉചിതമെന്നു കണ്ടു സംസ്ഥാന ബോർഡ് നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ ഏതു വ്യവസായ സംരംഭത്തെ സംബന്ധിച്ചാണോ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നൽകിയിട്ടുള്ളത്, അത് സ്ഥാപിക്കുന്നതിലോ അഥവാ സ്ഥാപിക്കുന്നതിനായി ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിനോ പരാജയപ്പെട്ടതായി ഇതിലേക്കുള്ള ഒരു റഫറൻസ് മുഖാന്തിരമോ മറ്റു വിധത്തിലോ സംസ്ഥാന ബോർഡിന് ബോദ്ധ്യം വന്നാൽ, അതിന്, നൽകിക്കഴിഞ്ഞ ലൈസൻസോ ക്ലിയറൻസോ സർട്ടിഫിക്കറ്റോ റദ്ദാക്കുവാൻ ബന്ധപ്പെട്ട അധികാരിയോട് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അവ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു നടപടിക്രമത്തിന് ബാധകമാകുന്നതുപോലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിനും ബാധകമാകുന്നതാണ്.

അദ്ധ്യായം III
വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം

14. വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം. -(1) ഗവർണ്ണർക്ക് ഒരു വ്യവസായ പ്രദേശത്തിന്റെ വലിപ്പവും ആ പ്രദേശത്ത് നൽകിവരുന്നതോ ഒരു ഏജൻസി മുഖേന നൽകാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സർവ്വീസുകൾ കണക്കിലെടുത്തുകൊണ്ട്, ഇൻഡ്യൻ ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ഒരു പൊതുവിജ്ഞാനം മുഖേന, ആ പ്രദേശത്തെ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കാവുന്നതാണ്.

വിശദീകരണം. - ഈ വകുപ്പിൽ ഒരു വ്യവസായ പ്രദേശം എന്ന പദപ്രയോഗത്തിന് ഒരു വ്യവസായ പ്രദേശത്തിന്റെ പ്രയോജനം ലഭിക്കുന്ന ഒരു പ്രദേശം എന്നർത്ഥമാകുന്നു.

(2) ഏതെങ്കിലും പ്രദേശം (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള രീതിയിൽ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കപ്പെട്ടാൽ പ്രസ്തുത പ്രദേശം, അതതു സംഗതിപോലെ, 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് (1994-ലെ 13) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു പഞ്ചായത്തിലോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റിയിലോ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ, അതതു സംഗതിപോലെ, അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള പഞ്ചായത്തിൽ നിന്നോ, മുനിസിപ്പാലിറ്റിയിൽ നിന്നോ ഒഴിവാക്കിയ തായി കരുതപ്പെടേണ്ടതാണ്.

(3) അധികാരസ്ഥാനത്തിന് ഒരു വ്യവസായ നഗരപ്രദേശത്ത് ഒരു മുൻസിപ്പാലിറ്റിക്കുണ്ടായിരിക്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്ന താണ്.

15. വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ രൂപീകരണം.- (1) സർക്കാരിന്, വ്യവസായ നഗരപ്രദേശത്തിന്റെ ഭരണ നിർവ്വഹണത്തിനും ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുമായി വിജ്ഞാപനംമൂലം ഓരോ വ്യവസായ നഗരപ്രദേശത്തിനും ഒരു വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം രൂപീകരിക്കാവുന്നതാണ്.

(2) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിൽ സർക്കാർ നിയമിക്കുന്ന അത്രയും ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(3) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ചുമതലകൾ, വ്യവസായ നഗര പ്രദേശത്തെ ഭരണനിർവ്വഹണവും ആസൂത്രിതവികസനം കൈവരിക്കലും പ്രസ്തുത പ്രദേശത്തിന്റെ സംരക്ഷണവും ആയിരിക്കുന്നതാണ്.

(4) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം, ഈ ആക്ടിലും പദ്ധതിയിലും വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം, വ്യവസായ നഗരപ്രദേശത്തെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, പദ്ധതിയിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്:-

(എ) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ഡയറക്ടർമാരെ തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നവിധം;

(ബി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ യോഗങ്ങൾ നടത്തേണ്ടവിധം;

(സി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തെ സഹായിക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ;

(ഡി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ സൂക്ഷിക്കലും, കണക്കുകളുടെ ആഡിറ്റ് നടത്തേണ്ട വിധവും;

(ഇ) വ്യവസായ നഗരപ്രദേശ അധികാര സ്ഥാനം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും;

(എഫ്) പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ, അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതും അനുയോജ്യമായതുമായ മറ്റേതെങ്കിലും സംഗതി.

(5) ഈ വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള ഓരോ പദ്ധതിയും അതു പുറപ്പെടുവിച്ചശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ, അതിന് തൊട്ടടുത്തവരുന്ന സമ്മേളനമോ

LIBRARY ARCHIVES Kerala Legislative Assembly

അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ പദ്ധതി രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ പദ്ധതിക്ക് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ പദ്ധതി പ്രകാരം മുമ്പ് ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

16. മുനിസിപ്പൽ ആക്ടിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ബാധകമാക്കൽ. - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മൂലം, തത്സമയം പ്രാബല്യത്തിലുള്ള മുനിസിപ്പാലിറ്റികളെ സംബന്ധിച്ച നിയമത്തിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ഒരു വ്യവസായ നഗരപ്രദേശത്തിന് ബാധകമാണെന്നും പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും പ്രഖ്യാപിക്കാവുന്നതാണ്.

(2) അപ്രകാരം വിജ്ഞാനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഒരു വ്യവസായ നഗരപ്രദേശത്തിന് ബാധകമാക്കുന്നതിനായി, അതിന്റെ സത്തയെ ബാധിക്കാത്തതും ആവശ്യവും അനുയോജ്യവുമായ ഭേദഗതികളോടുകൂടിയും വ്യാഖ്യാനിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ സാധുതയ്ക്ക് ഭംഗം വരാതെ, ഒരു മുനിസിപ്പൽ കൗൺസിലിനോ അതിന്റെ ചെയർമാനോ, സെക്രട്ടറിയോ നടത്തുന്ന എല്ലാ റഫറൻസുകളും വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിനോ, അതിന്റെ ചെയർമാനോ അല്ലെങ്കിൽ ചീഫ് ഓഫീസർക്കോ നടത്തുന്ന റഫറൻസുകളായും മുൻസിപ്പൽ കൗൺസിലിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജീവനക്കാരനോ നടത്തുന്ന എല്ലാ റഫറൻസുകളും ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ നടത്തുന്ന റഫറൻസുകളായും മുൻസിപ്പാലിറ്റിയുടെ പ്രാദേശിക അതിരുകൾക്കുള്ള എല്ലാ റഫറൻസുകളും, അതത് സംഗതിപോലെ, വ്യവസായ നഗരപ്രദേശത്തെ സംബന്ധിച്ച അതിരുകൾക്കുള്ള റഫറൻസായും വ്യാഖ്യാനിക്കേണ്ടതാണ്.

അദ്ധ്യായം IV

അനുബന്ധവും പലവകയുമായ വ്യവസ്ഥകൾ

17. 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) (1965-ലെ 2) ആക്ട് ബാധകമാക്കൽ. - 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ആക്ട് (1965 - ലെ 2) 15-ാം വകുപ്പിൻകീഴിലുള്ള വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ വകയായുള്ള ഏതെങ്കിലും പരിസരങ്ങൾക്ക് ബാധകമാകുന്നതല്ല.

18. ആക്ടിന്റെ അതിപ്രഭാവ പ്രാബല്യം. - ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും പ്രദേശത്തെ, വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെടുമ്പോൾ, അപ്രകാരമുള്ള പ്രദേശം ടൗൺ പ്ലാനിംഗ് ആക്ടിൻ (1108-ലെ 4) കീഴിലോ 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടിൻ കീഴിലോ (1920-ലെ 7-ാം മദ്രാസ് ആക്ട്) കേരള നിയമസഭാ നിയമ നിർമ്മാണം നടത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ആക്ടിൻ കീഴിലോ ഉള്ള മാസ്റ്റർ പ്ലാനിലോ മേഖലാ

LIBRARY ARCHIVES Kerala Legislative Assembly

വികസന പദ്ധതിയിലോ ഉൾപ്പെടുത്തിയിട്ടുള്ള അത്രയും പ്രദേശം അപ്രകാര മുള്ള പ്രഖ്യാപനത്തിന്റെ തീയതി മുതൽ അപ്രകാരമുള്ള ഏതെങ്കിലും പദ്ധതിയിൽനിന്നും നീക്കം ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

19. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ. - സർക്കാരിന്, അതത് സമയം ഈ ആക്റ്റിലെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്ത വുമെന്ന് അത് കരുതുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നയപര മായ നിർദ്ദേശങ്ങൾ സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യവ സായ പ്രദേശ ബോർഡിനോ വ്യവസായ നഗരപ്രദേശ അധികാരസ്ഥാന ത്തിനോ നൽകാവുന്നതും, അതതു സംഗതിപോലെ, വ്യവസായ നഗരപ്രദേ ശമോ സംസ്ഥാനബോർഡോ, ജില്ലാ ബോർഡോ, വ്യവസായ പ്രദേശ ബോർഡോ, വ്യവസായ നഗരപ്രദേശ അധികാരസ്ഥാനമോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാനും നടപടികൾ കൈക്കൊള്ളാനും ബാദ്ധ്യസ്ഥരാ യിരിക്കുന്നതാണ്.

20. റിട്ടേണുകളും, പരിശോധനകളും. - (1) സർക്കാർ കാലാകാല ങ്ങളിൽ ആവശ്യപ്പെടുന്ന റിപ്പോർട്ടുകളും റിട്ടേണുകളും മറ്റു വിവരങ്ങളും വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം സർക്കാരിന് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, സർക്കാ രോ, സർക്കാർ അതിലേക്കായി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥ നോ, ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച റിപ്പോർട്ടുകളോ റിട്ടേണുകളോ മറ്റു വിവരങ്ങളോ വ്യവസായ നഗരപ്രദേശ അധികാരസ്ഥാന ത്തിൽനിന്നും ആവശ്യപ്പെടാവുന്നതാണ്.

(3) സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾക്കോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥനോ പദ്ധതി യിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടോയെന്നോ അല്ലെങ്കിൽ നടപ്പിലാക്കി യിട്ടുണ്ടോ എന്നോ അല്ലെങ്കിൽ അപ്രകാരമുള്ള പദ്ധതിക്കനുസൃതമായി ട്ടാണോ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയോ അഥവാ നടപ്പിലാക്കുകയോ ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിനായി ഏതൊരു സ്ഥലത്തും ജോലിക്കാരുടെ സഹായത്തോടെയോ അല്ലാതെയോ പ്രവേശിക്കാവുന്നതാണ്.

(4) സൂര്യോദയത്തിനും സൂര്യാസ്തമനത്തിനും ഇടയ്ക്കുള്ള സമ യത്തല്ലാതെയോ സ്ഥലത്തിന്റെയോ കെട്ടിടത്തിന്റെയോ കൈവശക്കാരനോ അയാളുടെ അഭാവത്തിൽ ഉടമസ്ഥനോ മതിയായ നോട്ടീസ് നൽകാതെയോ അപ്രകാരം പ്രവേശിക്കുവാൻ പാടുള്ളതല്ല.

21. അംഗങ്ങളും ഉദ്യോഗസ്ഥരും സർക്കാർ ഉദ്യോഗസ്ഥനായിരിക്കു മെന്ന്. - വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെയോ സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡി ലെയോ ഓരോ അംഗവും ഉദ്യോഗസ്ഥനും മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതാണ്.

22. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം. - ഈ ആക്റ്റിൻ കീഴിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ, റെഗുലേഷനോ ഉപനിയമത്തിനോ കീഴിലോ ഉത്തമവിശ്വസ ത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ ഏതെങ്കിലും പ്രവർത്തി സംബന്ധിച്ച് ഏതെങ്കിലും ആളിനെതിരായി യാതൊരു വ്യവഹാ

LIBRARY ARCHIVES Kerala Legislative Assembly

രമോ കുറ്റവിചാരണയോ മറ്റു നിയമനടപടിയോ കൈക്കൊള്ളാൻ പാടില്ലാത്തതാണ്.

23. ക്രമക്കേടുകൾ ഒഴിവുകൾ എന്നിവമൂലം ആക്ടിന് നിയമസാധുത ഇല്ലാതെ ആകുന്നില്ലായെന്ന് - ഈ ആക്ട് പ്രകാരം സംസ്ഥാന ബോർഡോ ജില്ലാ ബോർഡോ വ്യവസായ പ്രദേശ ബോർഡോ സംസ്ഥാന ബോർഡ് നിയമിച്ച ഏതെങ്കിലും സബ് കമ്മിറ്റിയോ ചെയ്ത യാതൊരു പ്രവർത്തിയും എടുത്ത യാതൊരു നടപടിയും-

(എ) സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡിലെയോ സംസ്ഥാന ബോർഡിന്റെ ഏതെങ്കിലും സബ്കമ്മിറ്റിയിലെയോ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുണ്ടായ ഏതെങ്കിലും അപാകതയോ; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും ബോർഡിലെയോ സബ്കമ്മിറ്റിയിലെയോ ഏതെങ്കിലും അംഗത്തിന്റെ നിയമനത്തിലുള്ള ഏതെങ്കിലും അപാകതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ആ പ്രവർത്തിയിലോ നടപടിക്രമത്തിലോ സംഗതിയുടെ ഗുണമേന്മയെ ബാധിക്കാത്ത ഏതെങ്കിലും അപാകതയോ ക്രമക്കേടോ; ഉണ്ടെന്ന കാരണത്താൽമാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

24. ഉപനിയമങ്ങൾ ഉണ്ടാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം. - (1) സംസ്ഥാന ബോർഡിന് പൊതുവായി ഈ ആക്ടിലെ ലക്ഷ്യങ്ങൾ നേടുന്നതിനായി, ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുംകൂടി, ഗസറ്റ് വിജ്ഞാപനംവഴി, ബൈലോകൾ ഉണ്ടാക്കാവുന്നതാണ്.

(2) അപ്രകാരമുള്ള ബൈലോകളിൽ -

(എ) സംസ്ഥാന ബോർഡും, ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും അവയുടെ കാര്യങ്ങളുടെ നടത്തിപ്പിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ.

(ബി) സംസ്ഥാന ബോർഡോ, ജില്ലാ ബോർഡുകളോ, വ്യവസായ പ്രദേശ ബോർഡുകളോ ലൈസൻസുകളോ ക്ലിയറൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകുന്നതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ;

ഇവയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

25. സംസ്ഥാന ബോർഡിനും, ജില്ലാ ബോർഡുകൾക്കും വ്യവസായ പ്രദേശ ബോർഡുകൾക്കും ഫീസുകൾ പിരിക്കാനുള്ള അധികാരം. - സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും വ്യവസായ പ്രദേശ ബോർഡിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഫീസ് നിശ്ചയിച്ച് ഗുണഭോക്താക്കളിൽനിന്ന് ഈടാക്കാവുന്നതാണ്.

26 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം - (1) സർക്കാരിന് ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംമൂലം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, അതിനുശേഷം, അതതുസംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ, യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

27. വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന് റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം. - (1) ഒരു വ്യവസായ നഗര പ്രദേശാധികാര സ്ഥാനത്തിന്, അത് രൂപീകരിക്കപ്പെട്ട ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) സർക്കാരിന്, റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമവും അതിന്റെ പ്രസിദ്ധീകരണവും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ : (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഈ ആക്ടിന് വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിനു തോന്നുന്നതുമായ ഏത് നടപടിയും സന്ദർഭാനുസരണം ഉത്തരവുമൂലം, എടുക്കാവുന്നതാണ്:

എന്നാൽ, ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതിമുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

പ്രബലരായ നിക്ഷേപകരെ നിരുത്സാഹപ്പെടുത്തുന്ന ഘട്ടങ്ങളിൽ ഒരു സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ക്ലിയറൻസുകളോ/ലൈസൻസുകളോ/സർട്ടിഫിക്കറ്റുകളോ നൽകുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന താരതമ്യേന സങ്കീർണ്ണമായ നടപടിക്രമവും ഏജൻസികളുടെ ബാഹുല്യവും തദനുസരണമുള്ള കാലതാമസവുമാണ്. ഇതിനാൽ, സർക്കാർ, നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ സംസ്ഥാനത്ത് വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ക്ലിയറൻസുകളോ/ലൈസൻസുകളോ/സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനുവേണ്ടി ഒരു ഏക സമ്പർക്ക കേന്ദ്രം വ്യവസായ സംരംഭകർക്ക് ഏർപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസായ പ്രദേശങ്ങളിലും നിയമപരമായ അധികാരങ്ങളുള്ള ഏക ജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത്

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ലഘൂകരിക്കുന്നതിന് മാത്രമല്ല, അവയെ സമയബന്ധിതമാക്കുന്നതിന് കൂടി സഹായിക്കുന്നതാണ്.

2. സർക്കാർ സംസ്ഥാനത്തെ വ്യവസായ വളർച്ചക്കുവേണ്ടി ഒരു സമൂഹാടിസ്ഥാനത്തിലുള്ള സമീപനത്തിന് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി സംസ്ഥാനത്ത് പൊതുവായും നിർദ്ദിഷ്ട മേഖലകൾക്കുംവേണ്ടി പാർക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി അനുക്രമമായ നടപടികൾ എടുത്തുവരികയാണ്. ഇങ്ങനെ തരംതിരിക്കപ്പെട്ട വ്യവസായിക പ്രദേശങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു ബൃഹത്തായ സഹായ പദ്ധതി, വ്യവസായ സംരംഭകർക്ക് ലഭിക്കുന്നതിനായി അത്തരം എല്ലാ വ്യാവസായിക പ്രദേശങ്ങളിലും അധികാരപ്പെടുത്തപ്പെട്ട ഒരു ജാലക ക്ലിയറൻസ്, ബോർഡുകൾ രൂപീകരിക്കേണ്ടത് അതിനാൽ പ്രാധാന്യം അർഹിക്കുന്നു.

3. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനും, വിവിധ ജില്ലകളിലെ, വ്യാവസായിക പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ, ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ക്ലിയറൻസുകളോ/ലൈസൻസുകളോ/സർട്ടിഫിക്കറ്റുകളോ സമയബന്ധിതമായ രീതിയിൽ നൽകുന്നതിനും ഉദ്ദേശിക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളും വിജ്ഞാപിത വ്യവസായ പ്രദേശത്ത് സ്ഥാപിച്ച യൂണിറ്റുകളും ഒഴികെയുള്ള വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലിയറൻസുകളോ, ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകാൻ സംസ്ഥാനതല ഏകജാലക ക്ലിയറൻസ് ബോർഡിന് അധികാരം നൽകുന്നതാണ് സംസ്ഥാനതല ബോർഡുകൾ, വ്യാവസായിക പ്രദേശ ബോർഡുകളുടെയും ജില്ലാ ബോർഡുകളുടെയും അപ്പലേറ്റ് ബോഡിയായി പ്രവർത്തിക്കുന്നതാണ്.

4. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

1. കേരളത്തിൽ വ്യവസായ ഘടകങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് ദ്രുതഗതിയിൽ ക്ലിയറൻസുകളും ലൈസൻസുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംസ്ഥാനത്തെ വിജ്ഞാപിത വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

2. സംസ്ഥാന ബോർഡും ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന കമ്മിറ്റികളാകുന്നതും, സെക്രട്ടേറിയൽ ജോലികളും നിലവിലുള്ള സ്ഥാപനങ്ങൾതന്നെ ചെയ്യേണ്ടതുമാണ്. പുതിയ സംവിധാനത്തിന് അധിക സ്റ്റാഫോ സൗകര്യങ്ങളോ ആവശ്യമില്ല. അങ്ങനെ, സംസ്ഥാനത്തിന് അധിക ധനകാര്യ ബാദ്ധ്യതയൊന്നും ഉണ്ടാവുന്നില്ല.

3. വ്യവസായ ടൗൺഷിപ്പ് അതോറിറ്റികൾ ആവശ്യാധിഷ്ഠിതം സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതേ തുടർന്ന് വ്യവസായ ടൗൺഷിപ്പിന്റെ വികസനം സാധ്യമാകുന്നു. ടൗൺഷിപ്പ് അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾക്കായി വിഭവസമാഹരണം നടത്തുന്ന സ്വയം നിലനിൽപ്പുള്ള ഒരു സംരംഭമായി വിഭാവന ചെയ്തിട്ടുള്ളതാണ്. സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നേരിട്ടുള്ള യാതൊരു ചെലവുകളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ആക്ട് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഗസറ്റ് വിജ്ഞാപനം വഴി ഒരു തീയതി നിശ്ചയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 1-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. സംസ്ഥാനത്തെ ഏതു പ്രദേശത്തെയും, കാലാകാലങ്ങളിൽ, ഗസറ്റ് വിജ്ഞാപനംവഴി, ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 2-ാം ഖണ്ഡം 'എഫ്' ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് വിജ്ഞാപനം വഴി രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. സംസ്ഥാനത്തെ ഓരോ ജില്ലയിലും ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് വിജ്ഞാപനംവഴി രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തും വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഏക ജാലക ക്ലിയറൻസ് ബോർഡ് വിജ്ഞാപനം വഴി രൂപീകരിക്കുവാൻ സർക്കാരിന് അധികാരപ്പെടുത്തുവാൻ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കുവേണ്ടി നിർദ്ദിഷ്ട അധികാരസ്ഥന് നൽകേണ്ട അപേക്ഷയുടെ ഫോറവും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. വ്യവസായ പ്രദേശ ബോർഡ് പാലിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 7-ാംഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. വിവിധ സംസ്ഥാന നിയമങ്ങളിൻ കീഴിൽ ആവശ്യമായ ക്ലിയറൻസുളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറവും അതിലടങ്ങിയിരിക്കേണ്ട വിശദാംശങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരപ്പെടുത്തുവാൻ ബില്ലിലെ 8-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. ജില്ലാ ബോർഡുകൾ പാലിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരപ്പെടുത്താൻ ബില്ലിലെ 8-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. വിവിധ സംസ്ഥാനങ്ങളിൻ കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറവും അതിലടങ്ങിയിരിക്കേണ്ട വിശദാംശങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 9-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. സംസ്ഥാന ബോർഡുകൾ പാലിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ ഉത്തരവിനെതിരെ സംസ്ഥാന ബോർഡിൽ അപ്പീൽ ഫയൽ ചെയ്യേണ്ട വിധവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. സംസ്ഥാന കമ്മിറ്റികളുടെ ഘടന നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 11-ാം ഖണ്ഡം (4)-ാം ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. ഓരോ വ്യവസായ നഗരപ്രദേശത്തും വിജ്ഞാപനംമൂലം, ഒരു വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

15. ബില്ലിലെ 15-ാം ഖണ്ഡം (2), (4), (5) എന്നീ ഉപഖണ്ഡങ്ങൾ ഒരു പദ്ധതി രൂപീകരിക്കുവാനും വ്യവസായ നഗര പ്രദേശ അധികാരസ്ഥാനത്തിന്റെ ഡയറക്ടർമാരെ തെരഞ്ഞെടുക്കേണ്ടവിധവും വ്യവസായ നഗരപ്രദേശത്തിന്റെ ഭരണനിർവ്വഹണം നടത്തേണ്ട രീതിയും 15-ാം ഖണ്ഡം (5)-ാം ഉപ ഖണ്ഡം (എ) മുതൽ (എഫ്) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിട്ടുള്ള മറ്റു സംഗതികളും നിർണ്ണയിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 15-ാം ഖണ്ഡം (2)ഉം (4)ഉം (5)ഉം ഉപവകുപ്പുകൊണ്ടുദ്ദേശിക്കുന്നു.

16. ആക്ടിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 26-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17. വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം റഗുലേഷനുകൾ ഉണ്ടാക്കുന്നതിനു പാലിക്കേണ്ട നടപടിക്രമത്തെക്കുറിച്ചും അവയുടെ പ്രസിദ്ധീകരണം സംബന്ധിച്ചും അവ പ്രാബല്യത്തിൽ വരേണ്ട തീയതി സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 27-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം അവ നീക്കം ചെയ്യുന്നതിനായി ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 28-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19. മേല്പറഞ്ഞ കാര്യങ്ങൾ ഭരണപരമോ സാധാരണ സ്വഭാവത്തോടുകൂടിയതോ വിശദാംശങ്ങളെ സംബന്ധിച്ചവയോ ആണ്. കൂടാതെ, ചട്ടങ്ങളും പദ്ധതിയും ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

സുശീലാ ഗോപാലൻ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (b)

LIBRARY ARCHIVES Kerala Legislative Assembly

Tenth Kerala Legislative Assembly

Bill No. 223

THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS AND INDUSTRIAL TOWNSHIP AREA DEVELOPMENT BILL, 1999

Tenth Kerala Legislative Assembly

Bill No. 223

THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS AND INDUSTRIAL TOWNSHIP AREA DEVELOPMENT BILL, 1999

A

BILL

to provide special provision for speedy issue of various licences, clearnces and certificates required for setting up of industrial undertakings in the State of Kerala and for the Constitution of Industrial township area development authorities and for matters connected therewith.

Preamble.-WHEREAS it is necessary to make special provision to promote and assist the orderly establishment, and rapid growth and development of industries in the State;

AND WHEREAS for the speedy issue of various licences, clearances and certificates required for setting up of industrial undertakings in the State it is necessary to establish Single Window Clearance Boards at the State, District and Industrial area level;

AND WHEREAS clause (1) of Article 243 Q of the Constitution, provides for the constitution of an Industrial Township in the manner provided therein;

AND WHEREAS for the purpose of administering the affairs of an Industrial Township and to promote the Industrial growth, it is necessary to constitute Industrial Area Development Authorities;

AND WHEREAS it is expedient to provide for all these and other matters connceted therewith:

BE it enacted in the Fiftieth Year of Republic of India as follows:-

CHAPTER I

PRELIMINARY

1. *Short title, extent and commencement*.-(1) this Act may be called The Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999.

2. It extends to the whole of the State of Kerala.

3. It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions*.- In this Act, unless the context otherwise requires.-

LIBRARY ARCHIVES Kerala Legislative Assembly

(a) "Authority" means any Department of Government or Government agencies or Grama Panchayat or Municipality which are required to issue clearances or licences or certificates or permits for setting up an industrial undertaking in the State;

(b) "Bye-laws" means bye-laws made by the State Board under this Act;

(c) "District Board" means the District Industrial Single Window Clearance Board constituted under sub-section (1) of section 4 of the Act;

(d) "designated Authority of Industrial Area" means the Managing Director of the Industrial Area or any other officer appointed by the Government for purposes of promoting and maintaining the industrail area concerned;

(e) "Government" means the Government of Kerala;

(f) "Industrial Area" menas any area in the State delcared to be an industrial area by the Government by notification in the Gazette from time to time and includes industrial estates, development areas, development plots, mini industrial estates, industrial parks and growth centres;

(g) "Industrial Area Board" means the Industrial Area single clearance Board constituted under sub-section (1) of section 5 of the Act;

(h) "Industrial Township Area" means an industrial area referred to in section 14 of this Act;

(i) "Industrial Township Authority" means an Industrial Township Authority constituted for an industrial townwhip area under section 17 and the Scheme;

(j) "Industrial Undertaking" means a factory, workshop or work place where steam power, water power, mecahnical power or electrical power is used or any premises where any machinery or manufacturing plant driven by any power as aforesaid is installed, or any industrial undertaking where ten or more workers are employed with or without the aid of power;

(k) "Prescribed" means prescribed by rules made under this Act;

(l) "Scheme" means the Scheme framed under this Act;

(m) "Small Scale Industrial Undertaking" means an industrial undertaking which in accordance with the requirements specified under sub-section (1) of section 11B of Industries (Development and Regulation) Act, 1951 is entitled to be regarded as a Small Scale Industrial Undertaking for the purpose of that Act; and which has an investment of not less than Rupees ten lakhs;

(n) "State Board" means the "Kerala State Single Window Clearnance Board" constituted under sub-section (1) of section 3 of the Act;

(o) "State enactment" means a Proclamation or Act of Travancore or Cochin, an Act or Ordinance or Travancore-Cochin, an Act passed by the Legislature of the State of Kerala, or an Ordinance promulgated by the Governor and in force in the State and includes a rule, order, bye-law or regulation made in

LIBRARY ARCHIVES Kerala Legislative Assembly

excercise of a power conferred by any such Act by the Government or an authority subordinate to Government.

CHAPTER II

STATE BOARD, DISTRICT BOARDS AND INDUSTRIAL AREA BOARDS

